വിദ്യാഭ്യാസ മേഖലയിലും വ്യക്തിജീവിതത്തിലും സാമൂഹിക ചുറ്റുപാടിലും മികച്ച വ്യക്തിത്വത്തിന് ഉടമകളാക്കാൻ സ്ത്രീകളുടെ ശാരീരിക മാനസിക ആവശ്യങ്ങൾ കണ്ടെത്തി അവരുടെ പിന്നോക്കാവസ്ഥ മാറ്റിയെടുത്ത് ഉയർത്തിക്കൊണ്ട് വരുന്ന പ്രവർത്തനങ്ങളും പ്രത്യേകം ഉണ്ടാവേണ്ടതാണ്. വായനാ സൗകര്യം ലഭിക്കുന്ന ലൈബ്രറികളും എല്ലാ ചെറിയ ചെറിയ പ്രദേശങ്ങളിലും ഉണ്ടാക്കി വ്യക്തിത്വ വികസനം ശരിയായ ദിശയിൽ ഉറപ്പാക്കണം. ലിംഗപദവി ഉയർത്തക്കൊണ്ടുവരുന്നതും സാമ്പത്തിക ഭദ്രകളെ ഉണ്ടാക്കുന്നതുമായ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകേണ്ടതാണ്.

മദ്യം മയക്കുമരുന്ന് ഉപയോക്താക്കളെ കുറച്ചുകൊണ്ടുവരുന്ന ഇടപെടലുകൾ ഉണ്ടാക്കി സൗഹൃദവും സമ്പർക്കവും സ്വസ്ഥവുമായ കുടുംബാന്തരീക്ഷവും ജീവിതനൈപുണ്യവും ഉണ്ടാക്കാനുള്ള അന്തരീക്ഷവും നാം സൃഷ്ടിക്കണം.

മാതൃമരണ നിരക്ക് ഇല്ലാതായ നമ്മുടെ പഞ്ചായത്തിലെ ശിശുമരണ നിരക്ക് എട്ടാണ്. ഗുരുതരമായ പോഷക്കുറവുള്ള കുട്ടികൾ വളരെ കുറവാണ്. പോഷണ നില ഉയർത്തി സാധാരണ വളർച്ച എല്ലാവർക്കും ലഭ്യമാക്കേണ്ടതാണ്. അതുപോലെ ജനിക്കുന്ന ഒരു കുഞ്ഞുപോലും രക്തകുറവുള്ളതോ, അത്കൊണ്ട് പിന്നീട് വളർച്ച മുരടിക്കുന്നതോ ആയവരെ നോക്കേണ്ട ബാധ്യതയും പഞ്ചായത്തിനുണ്ട്. പ്രതിരോധ കുത്തിവെപ്പ് 100% എക്കാലത്തും തുടരണം. 3102 ആൺകുട്ടികളും 3273 പെൺകുട്ടികളും പഞ്ചായത്തിൽ ഉണ്ട്. കൗമാരക്കാരായ പെൺകുട്ടികൾ 1526 ഉംആണ്.

കോട്ടയം ഗ്രാമപഞ്ചായത്തിൽ ആകെ 219 പ്രത്യേക പരിഗണന അർഹിക്കുന്നവർ ഉണ്ട്. അവ താഴെ പട്ടികപ്പെടുത്തുന്നു.

| പ്രത്യേക പരിഗണന അർഹിക്കുന്നവർ | ആൺ | പെൺ | ആകെ |
|---|---|---|---|
| 6 വയസ്സിൽ താഴെ | 0 | 1 | 1 |
| 6 മുതൽ 14 വയസ്സുവരെ | 11 | 14 | 25 |
| 14 മുതൽ 45 വരെ | 55 | 37 | 92 |
| 45 വയസ്സിന് മുകളിൽ | 57 | 44 | 101 |
| ആകെ | 123 | 96 | 219 |

| വൈകല്യം | എണ്ണം | റിമാർക്സ് |
|---|---|---|
| മെൻഡലി റിട്ടാർഡ് | 43 | |
| അസ്ഥി വൈകല്യം | 89 | |
| കേൾവി കുറവ് | 20 | |
| മാനസിക വൈകല്യം | 24 | |
| മസ്തിഷ്ക ആഘാതം | | |
| കാഴ്ച വൈകല്യം | 25 | |
| ആകെ | 201 | |

വിഭിന്ന, വ്യത്യസ്തശേഷിയുള്ള ഇവർക്ക് അവരുടെ സ്വഭാവത്തിന് അനുസൃതമായ പദ്ധതികൾ ഉണ്ടാവേണ്ടതും അതോടൊപ്പം മെന്റലി റിട്ടാസ്സിന് കാരണമാകുന്ന അനീമിയ കൗമാരക്കാരിലും ഗർഭിണികളിലും കുറക്കുന്ന പ്രവർത്തനങ്ങളും നടത്തേണ്ടതുണ്ട്.

60 വയസ്സിനു മുകളിലുള്ള വയോജനങ്ങൾ 2874 പേർ നമ്മുടെ പഞ്ചായത്തിൽ അധിവസിക്കുന്നു. നമ്മുടെ പഞ്ചായത്തിലെ മൊത്തം സാക്ഷരതാ നിലവാരം 94.28% ആണ്. ഇതിൽ തന്നെ സ്ത്രീ സാക്ഷരത 91.57 %വും പുരുഷസാക്ഷരത 97.35 % വും ആണ്.

നമ്മുടെ പഞ്ചായത്തിലെ പട്ടികജാതി ജനസംഖ്യ 74 കുടുംബങ്ങളിൽ 284 പേർ അധിവസി

ക്കുന്നു. ഇത് പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 1.25% മാത്രമാണ്.

പട്ടികവർഗ്ഗ വിഭാഗത്തിൽ 2 വീടുകളിലായി 2 കുടുംബങ്ങൾ ഉണ്ട്. ഇവരുടെ ജനസംഖ്യ ആകെ 15 പേർ മാത്രമാണ്. ഇതിൽ 9 പേർ പുരുഷന്മാരും 6 സ്ത്രീകളും ആണ്. ഇത് നമ്മുടെ പഞ്ചായത്തിലെ ജനസംഖ്യയുടെ 0.084% മാത്രമാണ്.

## സാമൂഹ്യ സാംസ്ക്കാരിക സാമ്പത്തിക സ്ഥിതി

ചരിത്രപഠന മേഖലയിൽ പുതിയ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ പ്രാദേശിക ചരിത്രം അഥവാ ലോക്കൽ ഹിസ്റ്ററി എന്ന ശാഖ കേരളത്തിലും വളർന്നുകൊണ്ടിരിക്കുകയാണ്. ഓരോ ഗ്രാമപഞ്ചായത്തും അതുൾക്കൊള്ളുന്ന പ്രദേശങ്ങളുടെ ജനജീവിതത്തിന്റെയും ചരിത്ര സംഭവങ്ങളുടെയും കൂട്ടായ സ്മരണകൾ ഭാവിതലമുറക്ക് വേണ്ടി രേഖപ്പെടുത്തുന്ന പദ്ധതികൾ ഇന്ന് പല സ്ഥലത്തും നടപ്പിലാക്കി വരുന്നുണ്ട്. നഷ്ടപ്പെടുന്ന സ്മൃതികളെ രേഖപ്പെടുത്തുക എന്നത് സാംസ്കാരികമായ ഒരു ആവശ്യമാണ്. ഒരു ജനസമൂഹത്തിന്റെ ജീവിത വളർച്ചയിൽ അതിന് വലിയ സ്വാധീനമുണ്ടുതാനും. കോട്ടയം ഗ്രാമപഞ്ചായത്തിന്റെയും അവിടുത്തെ ജനജീവിതത്തിന്റെയും ഇക്കണോമിക് അന്ത്രോളജിയും സാംസ്കാരിക ചരിത്രവും എല്ലാം കൂടുതൽ ആഴങ്ങളിൽ പഠനത്തിനൊരുങ്ങുന്ന ഏതൊരാൾക്കും ഈ വികസനരേഖ സഹായിയിത്തീരട്ടെ.

കേരളത്തിലെ ഏറ്റവും പ്രാചീന വാണിജ്യ സംസ്ക്കാരവും സമ്പന്നതയും അവകാശപ്പെടുന്ന പ്രദേശങ്ങളായിരുന്നു കോട്ടയം താലൂക്ക് എന്നും കോട്ടയം നാട് എന്നും അറിയപ്പെടുന്നു. ഇന്നത്തെ തലശ്ശേരി താലൂക്കിൽപെട്ട കോട്ടയം ഗ്രാമപഞ്ചായത്ത് പ്രദേശം ഇന്നത്തെ തലശ്ശേരിയുടെ ചരിത്രം തന്നെ പുരാതന തുറമുഖപട്ടണമായ ധർമ്മപട്ടണവും (ധർമ്മടം) പ്രാചീന ചരിത്രമുള്ള കോട്ടയം നാടുമായി ബന്ധപ്പെട്ടിരിക്കുന്നു.

കോട്ടയം നാടിന്റെ കമ്പോള നഗരമായിരുന്നു തലശ്ശേരി. മറ്റൊരു കമ്പോള നഗരം പഴയ താലൂക്ക് ആസ്ഥാനമായിരുന്ന കോട്ടയം അങ്ങാടിയായിരുന്നു. തലശ്ശേരിയിൽ നിന്നും 7 മൈൽസ് കിഴക്കായി നില്ക്കുന്ന നമ്മുടെ കോട്ടയം ബസാറിനെ ആയിരത്തി അഞ്ഞൂറിൽ കണ്ണൂരിലെത്തിയ പോർച്ചുഗീസ് സഞ്ചായരിയും ചരിത്രക്കാരനുമായിരുന്ന ഭുറാത്തെബാർബോസയുടെ വിവരണം ഇങ്ങനെയാണ്. അഞ്ചരക്കണ്ടിപ്പുഴയുടെ 12 മൈൽസ് മുകളിലോട്ട്പോയാൽ മാപ്പിളമാരുടെ സമ്പന്നമായ ഒരു നഗരമുണ്ട്. അവിടെ ധാരാളം കച്ചവടം നടക്കുന്നു. നരസിംഹന്റെ (വിജയനഗര സാമ്രാജ്യം) നാട്ടിലെ ജനങ്ങൾ കരവഴി ഇവിടെ വന്നു കച്ചവടം നടത്തുന്നു. ഇന്നത്തെ കോട്ടയം അങ്ങാടിയെപ്പറ്റിയായിരുന്നു ഈ വിവരണം.

തെക്കെഇന്ത്യയിൽ ലഭിച്ചിട്ടുള്ളതിൽ വെച്ച് ഏറ്റവും വലിയ സ്വർണ്ണ നാണയനിധി 1851 ൽ കോട്ടയം അങ്ങാടിയിൽ നിന്ന് ലഭിച്ചതായിരുന്നു. (1851 ൽ) കോട്ടയം അങ്ങാടിയിൽ നിന്ന് ലഭിച്ചതായിരുന്നു. (1851 ൽ കൂത്തുപറമ്പിനടത്തുള്ള കോട്ടയത്തു നിന്ന് അഞ്ച് തലച്ചുമടോളം വരുന്ന സ്വർണ്ണനാണയം (റോമൻ നാണയങ്ങൾ) ബി.സി. ഒന്നാം നൂറ്റാണ്ടിലെ റോമൻ നാണയങ്ങൾ കണ്ടുകിട്ടുകയുണ്ടായി. (പ്രൊഫസർ എ.ശ്രീധരമേനോൻ P&G)

എ.ഡി. ഒന്നാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട കപരിപ്ലസ്സിയും പ്ലീറ്റിയുടെ വിജ്ഞാന കോശത്തിലും കേരളത്തിൽ നിന്ന് റോമിലേക്ക് കയറ്റി അയക്കുന്ന ഏറ്റവും നല്ല കുരുമുളകിന്റെ ഉല്പാദന വിപണന കേന്ദ്രത്തെക്കുറിച്ചുള്ള പ്രസ്താവനയിൽ 'കോട്ടേഹാര' എന്ന് പ്ലിനിയും 'കോട്ടോഹാരിത' എന്ന് പെരിപ്ലാസും സൂചിപ്പിച്ചിരിക്കുന്നു. ബ്രിട്ടീഷുകാരുടെ നാവിൽ കൂടി തലശ്ശേരി ടെലിച്ചറി ആയതുപോലെ കോട്ടയംനാട് റോമക്കാരുടെ നാവിൽ കൂടി 'കൊട്ടേഹാര' ആയതാവാം. മുൻകാലത്തു ഏറ്റവും നല്ലയിനം കുരുമുളക് വള്ളികളുടെ പേരുകളും കോട്ടയവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഉതിരൻ കോട്ട, ബാലൻകോട്ട.... ഇന്നത്തെ കോട്ടയം ഗ്രാമപഞ്ചായത്തിലെ കോട്ടയം അങ്ങാടിയാണ്. 'കൊട്ടേഹാര' എന്ന നിഗമനത്തിലെത്തുവാൻ ശാസ്ത്ര സാഹചര്യ തെളിവുകൾ ധാരാളമാണെന്ന് 'കോലത്തുപഴമ' എന്ന ചരിത്ര ഗവേഷണ പുസ്തകത്തിൽ ശ്രീ. പി.കുമാരൻ എഴുതിയിരിക്കുന്നു.

വീരപഴശ്ശിയെ അനുസ്മരിക്കുന്ന കോട്ടയം ശ്രീ തൃക്കൈക്കുന്ന് ശിവക്ഷേത്രം ക്ഷേത്രത്തോടനുബന്ധിച്ചുള്ള 12 ഏക്കറോളം വരുന്ന കോട്ടയംചിറയും പ്രതാപപൂർണ്ണമായ ഒരു വസന്തകാലത്തിന്റെ ഓർമ്മയാണ്. കണ്ണൂർ ജില്ലയിലെതന്നെ ഏറ്റവും വലിയ ഒരു ജലനിധിയാണ് കോട്ടയംചിറ.

വാർദ്ധക്യത്തിന്റെ പടവുകളിൽ സ്മരണകൾ അയവിറക്കി വീടിന്റെ കോലായിൽ വിശ്രമിക്കുന്ന കാരണവന്മാർ പഴയചരിത്രത്തെക്കുറിച്ച് അനുഭവങ്ങളെക്കുറിച്ച് വാചാലരാകാറുണ്ട്. ഒരു സംസ്കൃതിയുടെ അലകളും തിരയിളക്കവും ഇതിൽ കാണുന്നുണ്ട്. ഓർമകളുടെ ഇടങ്ങളിൽ മങ്ങിയ ചരിത്രങ്ങളാണവകൾ എങ്കിലും അവയ്ക്ക് പുനർജീവൻ ലഭിക്കുന്നു.

കോട്ടയം രാജവംശത്തിന്റെ ഏറ്റവും വലിയ സംഭാവനകളിൽ ഒന്ന് വീരകേരളത്തിന് നൽകിയത് കേരളവർമ പഴശ്ശിരാജയെതന്നെ. കൂടാതെ കലാകേരളത്തിന് കോട്ടയം രാജവംശം നൽകിയ സംഭാവനകളാണ്. വാൽമീകി രാമായണം, കിളിപ്പാട്ടിന്റെ കർത്താവായ കേരളവർമ്മ തമ്പുരാനും കഥകളി പ്രസ്ഥാനത്തിന്റെ തിലകക്കുറിയായ വിദ്വാൻവർമ്മത്തമ്പുരാനും കഥകളിയുടെ കേളികൊട്ട് കേൾപ്പിച്ച് കോട്ടയത്തെ ഉണർത്തിയത് ഈ തമ്പുരാനാണ്. ആട്ടക്കഥകളുടെ പെരുവെള്ളപ്പാച്ചിൽ തനിമ നഷ്ടപ്പെടാതെ തലയുയർത്തി നിൽക്കുന്ന കഥകളാണ് കോട്ടയം കഥകളും കഥകളിയും എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. കൊല്ലവർഷം 825 നും 900 നും ഇടയിൽ ആണ് തമ്പുരാൻ ജീവിച്ചിരുന്നത്. കൊട്ടാരക്കര തമ്പുരാന്റെ ആട്ടക്കഥകൾക്ക് ശേഷം കഥകളി പ്രസ്ഥാനത്തിന് ലഭിച്ച മുതൽകൂട്ടാണ് കോട്ടയംകഥകൾ. കഥകളിൽ ഭക്തിരസത്തോടൊപ്പം ഭാവപ്രകടനങ്ങൾക്ക് പ്രാധാന്യം നൽകികൊണ്ടാണ് തമ്പുരാൻ ആട്ടക്കഥകൾ രചിച്ച്ത്. കഥകളിലുടെ അവതരണത്തിൽ തമ്പുരാൻ പുതിയയീടുകൾ വരുത്തി. ആട്ടക്കഥകൾ കഥകളി പ്രേമികൾക്ക് പ്രിയങ്കരങ്ങളാണ്. പാടികേൾപ്പിക്കാനും അടിക്കാണാനും ഒരു പോലെ ആകർഷകവും ഹൃദ്യവുമാണങ്ങ കോട്ടയം തമ്പുരാന്റെ ആട്ടക്കഥകൾ.

# അദ്ധ്യായം 2

## പ്രകൃതി ദുരന്തങ്ങളും അതിജീവനവും

# അദ്ധ്യായം 2

## പ്രകൃതി ദുരന്തങ്ങളും അതിജീവനവും

### പ്രളയ ദുരന്തങ്ങൾ

2018 ലും 2019 ലും ഉണ്ടായ മഹാപ്രളയങ്ങൾ തീർത്ത ദുരന്തങ്ങളിൽ നമ്മുടെ പഞ്ചായത്തിൽ വലിയ പ്രശ്നങ്ങളൊന്നും ഉണ്ടായിരുന്നില്ല. വെള്ളം മേഖലകൾ കുറവാണെന്നുള്ളത് ആശ്വാസ കരമാണെങ്കിലും ഏത് പ്രതിസന്ധികളെയും തരണം ചെയ്യാനുള്ള ഒരുക്കങ്ങൾ നാം നടത്തി യിരുന്നു.

### കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

ഒരു നാടിനെയാകെ ഭയാശങ്കയുടെ മുൾമുനയിൽ നിർത്തി ലക്ഷണക്കണക്കിനാളുകളെ കൊന്നൊടുക്കിയ നഗ്നനേത്രം കൊണ്ടു പോലും ദൃശ്യമാകാൻ സാധിക്കാത്ത കോവിഡ് 19 കൊറോണ വൈറസിന്റെ വ്യാപനത്തിനെതിരെ അതിശക്തമായ പ്രതിരോധമാണ് കോട്ടയം പഞ്ചായത്ത് തീർത്തത്. 2020 മാർച്ച് 21 ന് ആദ്യമായി പഞ്ചായത്തിൽ കോവിഡ് സ്ഥിരീകരിക്കു ന്നുതിന് മുമ്പുതന്നെ പ്രതിരോധ നടപടികളും മുന്നറിയിപ്പുമായി മുന്നിട്ടിറങ്ങി. പഞ്ചായത്തിൽ 3032 പേർക്കാണ് കോവിഡ് ബാധിച്ചത്. ഒരു ഘട്ടത്തിൽ ഒരു ദിവസം 56 പോസിറ്റീവ് സ്ഥിരീകരി ക്കുന്ന അവസ്ഥവരെയുണ്ടായി. ആയിരക്കണക്കിനാളുകളെയാണ് നിരീക്ഷത്തിലാക്കിയത്. ഗൾഫിൽ നിന്നെത്തിയവരിലാണ് പഞ്ചായത്തിലാദ്യമായി കോവിഡ് സ്ഥിരീകരിച്ചത്.

2020 ജനുവരിമാസം അവസാനം പഞ്ചായത്തിൽ വിളിച്ചു ചേർത്ത ബോധവൽക്കരണ ക്ലാസിലൂടെയാണ് പഞ്ചായത്തിലെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. ജനപ്രതിനിധികൾ, ആശവർക്കർമാർ, അധ്യാപകർ, ആരാധനാലയങ്ങളുടെ ഭാരവാഹികൾ, ജീവനക്കാർ, അങ്കണ വാടി വർക്കർമാർ, കുടുംബശ്രീ പ്രവർത്തകർ എന്നിവരുടെ യോഗങ്ങൾ വിളിച്ചുചേർച്ചു ബോധ വൽക്കരണം നടത്തി. ബ്രേയ്ക്ക് ദ ചെയിൻ കേമ്പയിന്റെ ഭാഗമായി 22 പൊതു സ്ഥലങ്ങളിലും മറ്റ് പൊതുസ്ഥാപനങ്ങളിലും കൈകഴുകൽ കേന്ദ്രങ്ങൾ ആരംഭിച്ചു. കുടുംബശ്രീ പ്രവർത്തകരെ പങ്കെടുപ്പിച്ചു കൊണ്ട് സാനിറ്റൈസർ നിർമ്മിക്കുന്നതിനുള്ള പരിശീലനം നടത്തി. വിദേശങ്ങ ളിൽ നിന്നു വരുന്നവർക്ക് താമസിക്കുന്നതിന് പ്രത്യേകമായ വീടുകൾ തയ്യാറാക്കി. ഇതിലൂടെ സമ്പർക്കത്തിലൂടെ രോഗം പകരുന്നത് തടഞ്ഞു. ഇവർക്കാവശ്യമായ ഭക്ഷണം നൽകുന്നതിന് മാർച്ച് 18 മുതൽ സമൂഹ അടുക്കള ആരംഭിച്ചു. 2020 മാർച്ച് 30 മുതൽ ആറാംമൈലിൽ കുടുംബശ്രീ

നേതൃത്വത്തിൽ കമ്മ്യൂണിറ്റി കിച്ചൺ ആരംഭിച്ചു. കുടുംബശ്രീ കിച്ചണിൽ നിന്നും സൗജന്യ ഭക്ഷണവും ആവശ്യക്കാർക്ക് 20 രൂപക്കും ഭക്ഷണം നൽകുകയും ചെയ്യുകയുണ്ടായി. കിച്ചണിൽ ആവശ്യമായ സാധനങ്ങളിൽ ഭൂരിഭാഗവും സ്പോൺസർഷിപ്പിലൂടെയാണ് കണ്ടെത്തിയത്. സംസ്ഥാനത്ത് ലോക്ഡൗൺ പ്രഖ്യാപിച്ചതോടെ പഞ്ചായത്തിൽ ഹോം ഡെലിവറി സംവിധാനം ഏർപ്പെടുത്തി. ഇതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന വളണ്ടിയർമാരുടെ സന്നദ്ധസേന 147 പേരടങ്ങുന്ന വളണ്ടിയർമാരുടെ സന്നദ്ധസേനന രൂപീകരിച്ച് നടത്തിപ്പ് പ്രവർത്തനം സമാനതകളില്ലാത്തതായിരുന്നു. മാർച്ച് 12 മുതൽ എല്ലാ ദിവസവും പഞ്ചായത്ത് ഭാരവാഹികളും ഡോക്ടറും ഉൾപ്പെടെയുള്ള ആരോഗ്യപ്രവർത്തകരും പോലീസ് അധികാരികളുടെ യോഗം ചേർത്ത് പ്രവർത്തനങ്ങൾ വിലയിരുത്തി.

രോഗികളെ കണ്ടെത്തുന്നതിന് കോവിഡ് ടെസ്റ്റിംഗ് കേമ്പുകൾക്ക് വ്യാപകമായി നടത്തി. 24 ആർ.ടി.പി.സി.ആർ പരിശോധനാ കേമ്പുകളിൽ 9456 പേരും ആന്റിജൻ കേമ്പുകളിൽ 1493 പേരുമുൾപ്പെടെ 10949 പേരാണ് ടെസ്റ്റ് ചെയ്യാനെത്തിയത്. കോവിഡ് രോഗികൾ താമസിക്കുന്ന ക്വാറന്റൈൻ കേന്ദ്രങ്ങളിൽ മരുന്നും മറ്റ് സാധനങ്ങളും വളണ്ടിയർമാർ എത്തിച്ചു. ഡോക്ടറുടെ പരിശോധനയും ഉണ്ടായി. എല്ലാ പോസിറ്റീവ് രോഗികൾക്കും മെഡിസിൻ കിറ്റുകൾ യഥാസമയം എത്തിച്ചു. എല്ലാ ദിവസവും ആശാവർക്കർമാരും വളണ്ടിയർമാരും രോഗികളെ സന്ദർശിച്ച് രോഗവിവരങ്ങൾ ആരാഞ്ഞു. അവശത അനുഭവിക്കുന്ന രോഗികളെ പ്രോട്ടോകോൾ അനുസരിച്ച് ആശുപത്രികളിലേക്ക് മാറ്റി. രോഗികളാണ് ഇതുവഴി ആശുപത്രികളിൽ ചികിത്സ തേടിയത്. ആദ്യഘട്ടത്തിൽ സമ്പർക്കത്തിലുള്ളവരെ കണ്ടെത്താനും വലിയ ശ്രമങ്ങളാണ് നടത്തിയത്. സ്കൂളുകളിലും അങ്കണവാടികളിലും നിരീക്ഷണ കേമ്പുകളും ഐസോലേഷൻ സെന്ററുകളും തുടങ്ങി. കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ കോട്ടയം ഗവ: ഹൈസ്കൂളിൽ മികച്ച നിലയിൽ തയ്യാറാക്കി. ആവശ്യമായ എല്ലാ സാധനങ്ങളും സ്പോൺസർഷപ്പിലൂടെ കണ്ടെത്തി. സ്പോൺസർഷിപ്പിലൂടെയും മറ്റും നൂറ് കണക്കിന് ഓക്സീമീറ്ററുകൾ സംഘടിപ്പിച്ച് കോവിഡ് രോഗികൾക്കും നിരീക്ഷണത്തിൽ കഴിയുന്നവർക്ക് നൽകി.

കോവിഡ് വാക്സിനേഷൻ ആരംഭിച്ചപ്പോൾ അതിവേഗം എല്ലാവരിലേക്കും എത്തിക്കുന്നതിന് നിരന്തരമായ ശ്രമങ്ങളാണ് നടന്നത്. സാധാരണ കുടുംബാരോഗ്യ കേന്ദ്രത്തിൽ നിന്നും വാക്സിനുകൾ നൽകുന്നതിനുപുറമെ 8 മെഗാ വാക്സിനേഷൻ കേമ്പുകൾ സംഘടിപ്പിച്ചു. ഇതിനായി വലിയ ജനകീയ കൂട്ടായ്മകൾ സൃഷ്ടിച്ചു. 14863 പേർ ആദ്യ ഡോസ് സ്വീകരിച്ചു. ജില്ലയിൽ തന്നെ 18 വയസിനു മുകളിലുള്ളവരിൽ നൂറ് ശതമാനം പേർക്കും നൽകുന്ന പഞ്ചായത്തുകളിൽ ഒന്നായി കോട്ടയം മാറി. സെക്കന്റ് ഡോസ് നൽകുന്നതിനും കൃത്യമായ സംവിധാനങ്ങളൊരുക്കി. കിടപ്പിലായവർക്ക് വീടുകളിലെത്തി വാക്സിൻ നൽകുന്നതിലും മികച്ച പ്രവർത്തനമാണ് നടന്നത്. 111 പേർക്ക് വീടുകളിലെത്തി വാക്സിൻ നൽകുന്ന പ്രവർത്തനവും പൂർത്തിയാക്കി.

കോവിഡിനെ പ്രതിരോധിക്കുന്നതിനുവേണ്ടി സമാനതകളില്ലാത്ത പ്രതിരോധ പ്രവർത്തനങ്ങളാണ് പഞ്ചായത്തിൽ നടന്നത്. ജനപ്രതിനിധികളും ജീവനക്കാരും മെഡിക്കൽ ഓഫീസർ ഉൾപ്പെടെയുള്ള ആരോഗ്യപ്രവർത്തകരും സാമൂഹ്യസാംസ്കാരികരംഗത്തുള്ളവരും സന്നദ്ധ പ്രവർത്തകരും നടത്തിയ കൂട്ടായ്മയോടെയുള്ള പ്രവർത്തനം കോവിഡ് പ്രതിരോധത്തിന്റെ ചാലകശക്തികളായി മാറിയത്.

# അദ്ധ്യായം 3

## വികസന നയവും തന്ത്രവും

# അദ്ധ്യായം 3

## വികസന നയവും തന്ത്രവും

ജനങ്ങളുടെ സർവ്വതോന്മുഖമായ പുരോഗതി ലക്ഷ്യമാക്കി സാമൂഹ്യ സാമ്പത്തിക സാംസ്കാരിക രംഗങ്ങളിൽ ശ്രദ്ധേയമായ നേട്ടങ്ങൾ നേടിയെടുക്കാനുള്ള പ്രവർത്തനങ്ങൾക്കാണ് നാം ഊന്നൽ നൽകുന്നത്. ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ കഴിഞ്ഞ 25 വർഷത്തെ അനുഭവങ്ങളിൽ നിന്ന് ജനങ്ങളെ അണിനിരത്തി മുന്നേറാനാണ് ശ്രമിക്കുന്നത്. പിന്നിട്ട അഞ്ചു പഞ്ചവത്സര പദ്ധതികൾ നാം വിഭാവനം ചെയ്ത വികസന കാഴ്ചപ്പാട് നാട്ടിലുണ്ടാക്കിയ അഭിവൃദ്ധി ചെറുതല്ല. സമസ്ത മേഖലകളിലും വികസനത്തിന്റെ രജതരേഖകൾ തെളിഞ്ഞു കാണാം. പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന കാർഷികമേഖലയെ പരിഷ്ക്കരിക്കാനും ഈ മേഖലയെ ആശ്രയിച്ചു ജീവിക്കുന്നവർക്ക് താങ്ങാവാനും നമുക്ക് കഴിയേണ്ടതുണ്ട്. നമ്മുടെ മണ്ണും ജലവും ജൈവസമ്പത്തും ഉപയോഗപ്പെടുത്തി പഞ്ചായത്ത് തയ്യാറാക്കിയ സമഗ്ര നീർത്തടമാസ്റ്റർ പ്ലാൻ അനുസരിച്ച് ഓരോ പ്രദേശത്തിന്റെയും സാധ്യതക്കനുസരിച്ച് പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കാൻ നമുക്ക് സാധിക്കണം.

കേരള സർക്കാർ ആവിഷ്ക്കരിച്ച സ്വപ്ന പദ്ധതിയായ ലൈഫ് ഭവന പദ്ധതിയിലൂടെ പഞ്ചായത്തിലെ എല്ലാ ഭവനരഹിതർക്കും വീട് ലഭ്യമാക്കുകയെന്നത് പ്രഥമപരിഗണന നൽകേണ്ട കാര്യമാണ്. കഴിഞ്ഞ വർഷങ്ങളിൽ എല്ലാവർക്കും വീടെന്ന സ്വപ്നം പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യത്തിൽ അടുത്ത അഞ്ചുവർഷക്കാലം കൊണ്ടെങ്കിലും അത് പൂർത്തിയാക്കാൻ സാധിക്കുന്ന നിലയിലുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണം. എല്ലാ ഭവനരഹിതർക്കും വാസയോഗ്യമല്ലാത്ത വീടില്ലാത്തവരുമായ പഞ്ചായത്തിലെ എല്ലാവർക്കും വീട് ലഭ്യമാക്കുന്നതോടെ സുരക്ഷിതത്വമുള്ള ജീവിതം നയിക്കാൻ സാധിക്കും. നിർദ്ധനരായ കുടുംബങ്ങളുടെ ജീർണ്ണിച്ച വീടുകൾ നവീകരിക്കുന്നതിനുള്ള ധനസഹായം ലഭ്യമാക്കാൻ കഴിഞ്ഞ വർഷങ്ങളിൽ സാധിച്ചിട്ടുണ്ട്. ഇത് വഴി വാസയോഗ്യമല്ലാത്ത വീടില്ലാത്തവരുടെ എണ്ണം വലിയ തോതിൽ കുറക്കാനും സാധിച്ചിരുന്നു. ലൈഫ് പദ്ധതിയിൽ വീട് ലഭ്യമാകുന്നവർക്ക് തുടർന്ന് വിവിധ പദ്ധതികൾക്ക് അർഹതയും ഉണ്ടാക്കാൻ കഴിയുന്നതാണ്. ആശ്രയ-അഗതി രഹിത പദ്ധതികളുടെ നിർവഹണത്തിനും സംഘാടനത്തിനും കാര്യക്ഷമത ഉറപ്പുവരുത്താൻ ഇതിനായി സന്നദ്ധ പ്രവർത്തകരുടെയും ഏജൻസികളുടെയും സഹായങ്ങൾ പരമാവധി പ്രയോജനപ്പെടുത്താനും കഴിയണം. തൊഴിലുറപ്പു പദ്ധതികളെ ദാരിദ്ര്യലഘൂകരണ പ്രവർത്തനങ്ങൾക്കുള്ള ഏറ്റവും പ്രധാനമേഖലകളായി കാണാനും അതുവഴി പൊതുവായ മുന്നേറ്റമുണ്ടാക്കാനും സാധിക്കണം. കുടുംബശ്രീ രംഗത്ത് കൂടുതൽ സംരംഭങ്ങൾ ആരംഭിച്ച് ആ മേഖലയിൽ വലിയ വരുമാനവർദ്ധനവുണ്ടാക്കാനും കഴിയണം. സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾക്ക് ശക്തിപകരാൻ ഇതുവഴി സാധി

ക്കും. സ്വയംതൊഴിൽ സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകി ഉല്പന്ന വിപണന കേന്ദ്രങ്ങൾ സ്ഥാപിച്ച് വിപണന സൗകര്യമൊരുക്കാനും കുടുംബശ്രീ സംവിധാനത്തെ ഉപയോഗപ്പെടുത്തണം.

അലോപ്പതി, ആയുർവ്വേദം, ഹോമിയോ, യുനാനി എന്നീ നാല് ആരോഗ്യ സംവിധാനങ്ങളും നിലവിൽ നന്നായി പ്രവർത്തിക്കുന്ന പഞ്ചായത്താണ് നമ്മുടേത്. കുടുംബാരോഗ്യകേന്ദ്രവും ആയുർവ്വേദാശുപത്രിയും ഗവൺമെന്റാശുപത്രികളും ഹോമിയോയും യുനാനിയും എൻ.ആർ.എച്ച്. എമ്മിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുമാണ് പ്രവർത്തിക്കുന്നത്. പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും അവരുടെ ഇഷ്ടാനുസരണം ഏത് ചികിത്സാസംവിധാനങ്ങളും സ്വീകരിക്കാൻ കഴിയുന്നു. ഇത് കാര്യക്ഷമമായി തുടരാൻ കഴിയണം. പ്രാഥമിക ആരോഗ്യകേന്ദ്രം കുടുംബാരോഗ്യം കേന്ദ്രമായി ഉയർത്തിയതോടെ വലിയ നിലയിൽ ജനങ്ങൾ ആശ്രയിക്കുന്ന കേന്ദ്രമായി മാറിയിരിക്കയാണ്. എല്ലാവിധ സൗകര്യങ്ങളും കുടുംബാരോഗ്യകേന്ദ്രത്തിലുണ്ടെങ്കിലും ഇനിയും മെച്ചപ്പെട്ട നിലയിലേക്ക് കൊണ്ടുവരാൻ സാധിക്കണം. ഹോമിയോ, യുനാനി ഡിസ്പെൻസറികൾക്ക് സ്ഥലവും കെട്ടിടവും ആവശ്യമാണ്. ഇതിനാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കാൻ സാധിക്കണം. എല്ലാ വിഭാഗം ജനങ്ങൾക്കും ആവശ്യമായ രീതിയിൽ സൗജന്യചികിത്സ ലഭിക്കുന്നതിനും ആശുപത്രികളുടെ അടിസ്ഥാന സൗകര്യവികസനത്തിനും മരുന്നുകൾ ലഭ്യമാക്കുന്നതിനും സാധിക്കുന്ന പദ്ധതികൾ നടപ്പാക്കുന്നു. ആരോഗ്യ കേന്ദ്രങ്ങളെ ഏറ്റവും ഗുണമേന്മയുള്ള ചികിത്സയും സൗകര്യങ്ങളുമുള്ള കേന്ദ്രങ്ങളായി മാറ്റാൻ സർക്കാറിന്റെ ആർദ്രം പദ്ധതി വിഭാവനം ചെയ്യുന്നു. ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് കുടുംബാരോഗ്യം കേന്ദ്രം മെച്ചപ്പെട്ട നിലയിലേക്ക് വളർന്നുവന്നത്.

കാർഷികമേഖലയിൽ ഭക്ഷ്യസുരക്ഷ കൈവരിക്കുക എന്ന ലക്ഷ്യത്തോടെ വിവിധ കൃഷിരീതികളെ മെച്ചപ്പെടുത്തുന്നതിനും ജലസേചന സൗകര്യം വർദ്ധിപ്പിച്ചുകൊണ്ട് നാളികേര കൃഷിയുടെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കാനാണ് ലക്ഷ്യം വെക്കുന്നത്. കൃഷിക്കാരെ കാർഷികമേഖലയിൽ പിടിച്ചു നിർത്തുന്നതിനാവശ്യമായ ഇടപെടലുകൾ ഉണ്ടാവണം. മഞ്ഞൾ ഗ്രാമം, കുരുമുളകു ഗ്രാമം പദ്ധതികൾ നടപ്പിലാക്കാനാവണം. എല്ലാ വീടുകളിലും ഒരു തടം മഞ്ഞൾ പദ്ധതിയുടെ ഉൽപാദിപ്പിക്കപ്പെടുന്ന മഞ്ഞൾ പദ്ധതിയിലൂടെ ഉൽപാദിപ്പിക്കപ്പെടുന്ന മഞ്ഞൾ സംസ്ക്കരിച്ച് കോട്ടയം മഞ്ഞൾ എന്ന ബ്രാന്റിൽ ഉപഭോക്താക്കളിലെത്തിക്കാൻ ഈ പദ്ധതിയിലൂടെ കഴിയും. എല്ലാ വീടുകളിലും കുരുമുളക് തൈതകൾ നൽകി കൃഷി ചെയ്യുന്നതാണ് കുരുമുളക് ഗ്രാമം പദ്ധതി വിഭാവനം ചെയ്യുന്നത്.

വരാൻ പോകുന്ന കടുത്ത വരൾച്ചയെ മുന്നിൽ കൊണ്ട് നീർത്തടമാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ തൊഴിലുറപ്പ് പദ്ധതിയിലൂടെയുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണം. വയൽ നികത്തുന്നതും കുന്നിടിയുന്നതും തടയുന്നതിന് സാമൂഹ്യ ഇടപെടൽ നടത്തും. കോട്ടയത്തിന്റെ അഭിമാനമായിരുന്ന കുരുമുളക് കൃഷിയെ വ്യാപിപ്പിച്ച് പ്രധാന ഇടവിള കൃഷിയായി മാറ്റിയെടുക്കുന്നതിനുള്ള പ്രവർത്തനത്തിന്റെ ഭാഗമായിട്ടാണ് കുരുമുളക് ഗ്രാമം പദ്ധതി നടപ്പാക്കുന്നത്.

ജൈവ പച്ചക്കറി കൃഷിയിൽ ഉണ്ടായ കുതിച്ചുചാട്ടം നിലനിർത്താനും കൂടുതൽ ഉൽപാദനവും വിപണനവും സാധ്യമാക്കുന്ന നിലയിൽ സുഭിക്ഷ കേരളം പദ്ധതിയെ മാറ്റിയെടുക്കാനുള്ള എല്ലാവിധ സഹായങ്ങളും ചെയ്തു കൊടുക്കും. അടുക്കളത്തോട്ടം പദ്ധതി വിപുലമാക്കി പച്ചക്കറി ലഭ്യത ഉറപ്പുവരുത്തും. തൊഴിലുറപ്പ് പദ്ധതിയുടെ സഹായത്തോടെ കരനെൽകൃഷി വ്യാപകമാക്കും. പഞ്ചായത്തിനെ തരിശുരഹിതമാക്കുന്നതിന് പ്രാധാന്യം നൽകും. നാളികേര ക്ലസ്റ്ററുകളുടെയും മറ്റും സഹായത്തോടെ സമഗ്രനാളികേര വികസന പദ്ധതിയിലൂടെ ഉൽപാദനം കൂട്ടാനാവശ്യമായ ഇടപെടലുകൾ നടത്തും. കുന്നിൻ ചെരിവുകളിലും തരിശുപ്രദേശങ്ങളിലും കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഇടപെടലുകൾ നടത്തു. തരിശുതലങ്ങളിലും പഴശ്ശി ഇറിഗേഷന്റെ തരിശു നിലങ്ങളിലും പച്ചത്തുരുത്തുകൾ സ്ഥാപിക്കാൻ പദ്ധതിയുണ്ടാവും.

മൃഗസംരക്ഷണമേഖലയിൽ അടുത്ത അഞ്ചു വർഷം കൊണ്ട് മികച്ച പ്രവർത്തനങ്ങളിലൂടെ പാൽ, മുട്ട, ഇറച്ചി എന്നിവയുടെ ഉൽപാദനത്തിൽ ഗണ്യമായ വർദ്ധനവ് വരുത്താൻ സാധിക്കും. ക്ഷീരമേഖലയിൽ കർഷകരെ ആകർഷിക്കാൻ കഴിഞ്ഞ വർഷങ്ങളിൽ നടപ്പാക്കിയ പദ്ധതികൾ തുടർന്നും പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയ്യണം. പാലുൽപാദനം വർദ്ധിപ്പിക്കുന്നതിനും മൃഗസംരക്ഷണ മേഖലയിൽ പശുവളർത്തൽ, ആടുവളർത്തൽ, പദ്ധതികൾ തുടരാനാവണം. തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തി കാലിത്തൊഴുത്ത്, ആട്ടിൻകൂട് പദ്ധതികളും വ്യാപകമായി നടപ്പിലാക്കി ക്ഷീരകർഷകരെ സഹായിക്കാൻ കഴിയും. പശുക്കൾക്കുണ്ടാവുന്ന കുളമ്പുരോഗവും കാലിത്തീറ്റയുടെയും വൈക്കോലിന്റെയും വില വർദ്ധനവ് സൃഷ്ടിക്കുന്ന പ്രതിസന്ധികൾ തരണം ചെയ്യാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതുമാണ്. ക്ഷീരസംഘങ്ങളുടെ പ്രവർത്തനവും കാര്യക്ഷമമാക്കേണ്ടതുണ്ട്.

കുടുംബശ്രീകളിലൂടെയും സ്വയം സഹായസംഘങ്ങളിലൂടെയും തൊഴിൽ സംരംഭങ്ങൾ ആരംഭിച്ച് പരമാവധി ആളുകൾക്ക് തൊഴിൽ ലഭ്യമാക്കാൻ സാധിക്കുന്ന പദ്ധതികൾ ആരംഭിക്കാൻ കഴിയണം. അടുത്ത അഞ്ച് വർഷം കൊണ്ട് ചെറുതും വലുതമായ സംരംഭങ്ങൾ സർക്കാറിന്റെ പരിപാടികൾക്കൊപ്പം നിന്ന് ആരംഭിക്കും. കുടുംബശ്രീയുടെ നേതൃത്വത്തിൽ ആരംഭിച്ച സംരംഭങ്ങൾക്ക് കൂടുതൽ വളർച്ചയുണ്ടാക്കാനുള്ള ഇടപെടലുകൾ ഉണ്ടാവണം. കാർഷിക വ്യാവസായിക മേഖലയിലെ ഉൽപാദന വർദ്ധനവിന് മുഖ്യ പ്രാമുഖ്യം നൽകി അനുയോജ്യമായ പദ്ധതികൾ നടപ്പിലാക്കാൻ കഴിയണം. ഉൽപാദനവിപണന കേന്ദ്രങ്ങൾ ആരംഭിച്ച് കുടുംബശ്രീ ഉൽപന്നങ്ങൾ വിപണനം ചെയ്യാനും സംഭരിക്കാനുമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്താൻ സംരംഭകത്വശേഷി വർദ്ധിപ്പിക്കുന്നതിനാവശ്യമായ പരിശീലനങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്. ഇതിന് സർക്കാറിന്റെ നേതൃത്വത്തിൽ വ്യവസായ വകുപ്പ് നിയമിച്ച ഇന്റേണിന്റെ സേവനം പരമാവധി പ്രയോജനപ്പെടുത്തണം. ചില പ്രത്യേക പദ്ധതികൾ മാതൃകാപരമായി ഏറ്റെടുത്ത് കൃത്യമായി നടത്താൻ കഴിയണം.

പൊതുജനങ്ങൾക്ക് വളരെവേഗത്തിൽ സേവനങ്ങൾ ലഭ്യമാക്കാനും ഭരണനടപടികൾ സുതാര്യമാക്കാനും പഞ്ചായത്തിന്റെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്താനും ആധുനികരീതിയിലുള്ള സംവിധാനം ഒരുക്കാൻ സാധിക്കണം. ജനങ്ങൾക്ക് കാര്യക്ഷമവും വേഗതയേറിയതു

മായ സേവനം ലഭ്യമാക്കാൻ കമ്പ്യൂട്ടർ സംവിധാനം ആധുനികവൽക്കരിക്കുകയും ഫ്രണ്ട് ഓഫീസ് പരിഷ്ക്കരക്കൽ നടപടി സ്വീകരിക്കുകയും കുറ്റമറ്റരീതിയുള്ള സേവനം കാഴ്ചവെച്ച് ജനങ്ങൾക്കിടയിൽ പരാതികളില്ലാത്തവിധം സേവനങ്ങൾ നൽകാൻ കഴിയേണ്ടതുണ്ട്. നിലവിലുള്ള സൗകര്യങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനാണ് പരിഗണന. പഞ്ചാത്ത് ഓഫീസിന്റെയും കൈമാറിക്കിട്ടിയ ഓഫീസുകളുടെയും അറ്റക്കുറ്റപണികളും ഭൗതികസാഹചര്യങ്ങൾ വർദ്ധിപ്പിക്കലും പ്രധാന പരിഗണന വിഷയമാണ്. ഒരു സർക്കാർ ഹയർ സെക്കണ്ടറി സ്കൂളും, ഐ.എച്ച്.ആർ.ഡി. കോളേജും ഉൾപ്പെടെ 14 വിദ്യാലയങ്ങളാണ് കോട്ടയം പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്. വിദ്യാലയങ്ങളിലെ വിവിധങ്ങളായ പ്രവർത്തനാവശ്യങ്ങൾക്കായി എസ്.എസ്.എ ഫണ്ടിൽ പഞ്ചായത്ത് വിഹിതം 40% എല്ലാ വർഷവും പഞ്ചായത്ത് ചെലവാക്കുന്നുണ്ട്. വിദ്യാർത്ഥികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി വിദ്യാഭ്യാസ പദ്ധതികൾ ആസൂത്രണം ചെയ്യാറുണ്ട്. ഏക സർക്കാർ വിദ്യാലയമായ കോട്ടയം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയതിന്റെ ഭാഗമായി കണ്ണഞ്ചിപ്പിക്കുന്ന മുന്നേറ്റമാണ് ഉണ്ടായത്. എല്ലാ വിദ്യാലയങ്ങളുടെയും മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിനാലാണ് ശ്രമിക്കുന്നത്. വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സർക്കാർ വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കിയ പ്രവർത്തനങ്ങൾ നമ്മുടെ പഞ്ചായത്തിലെ സ്കൂളുകളിലും വലിയ മാറ്റമാണുണ്ടാക്കികൊണ്ടിരിക്കുന്നത്. പൊതുവിദ്യാലയത്തിലേക്ക് കുട്ടികളുടെ തിരിച്ചുവരവിന് വലിയ പ്രോത്സഹനമാണ് വിദ്യാഭ്യാസ സംരക്ഷണം കൊണ്ട് ഉണ്ടായത്. മാതൃഭാഷയോടൊപ്പം ഇംഗ്ലീഷിനും ആവശ്യമായ പ്രോത്സാഹനം നൽകണം. പഞ്ചായത്തിന് സ്വന്തമായി ഒരു നീന്തൽകുളവും യഥാർത്ഥമായതോടെ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം 100% വിജയമാക്കാൻ സാധിച്ചു. ഈ പ്രവർത്തനം ഇനിയും തുടരാൻ സാധിക്കണം. രണ്ട് സാക്ഷരതാ കേന്ദ്രങ്ങളിലൂടെ അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടന്നു വരുന്നു. വിവിധ കാരണങ്ങൾ കൊണ്ട് പഠനം പൂർത്തീകരിക്കാൻ സാധിക്കാത്തവർക്ക് വളരെയേറെ ഗുണം തുടർസാക്ഷരതാ പ്രവർത്തനത്തിലൂടെ കഴിഞ്ഞിട്ടുണ്ട്. 10-ാം തരവും പ്ലസ്ടുവും പഠിക്കാനുള്ള അവസരം കൈവന്നതോടെ തുല്യതാപരീക്ഷകൾക്ക് പ്രാധാന്യം കൈവന്നു. പഠിതാക്കളെ ആകർഷിക്കാൻ സാധിച്ചു. അതുല്യം പദ്ധതിയിൽ ഉൾപ്പെടുത്തി സൗജന്യങ്ങൾ അനുവദിക്കുന്നതിലൂടെ പത്താംതരം പ്ലസ്ടു പരീക്ഷയുടെ ഭാരിച്ച ഫീസിനത്തിൽ പരിഹാരം കാണാൻ പഠിതാക്കൾക്കായി. അടുത്ത 5 വർഷംകൊണ്ട് പഞ്ചായത്തിലെ 14 വാർഡുകളിൽ 50 വയസ്സുവരെയുള്ള എല്ലാവരെയും എസ്.എസ്.എൽ.സി. പരീക്ഷ പാസ്സാക്കി സമ്പൂർണ്ണ സെക്കണ്ടറി വിദ്യാഭ്യാസവും നേടുന്ന പഞ്ചായത്താക്കി മാറ്റാൻ ശ്രമിക്കണം. തൊഴിലധിഷ്ഠിത കമ്പ്യൂട്ടർ ക്ലാസ്സുകൾ തുടർ സാക്ഷരതാ കേന്ദ്രങ്ങൾ വഴി നടപ്പാക്കാൻ സാധിക്കണം. പഞ്ചായത്തിലെ 19 അങ്കണവാടികളുടെയും ശിശുമിത്ര മന്ദിരത്തിലൂടെയും പ്രീ സ്കൂൾ വിദ്യാഭ്യാസം കുട്ടിയുടെ ശാരീരികവും മാനസികവുമായ വികസനത്തിനും കലാ-കായിക അഭിരുചി വളർത്തിയെടുക്കാനുമുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. വായനശാലകളുടെയും ക്ലബ്ബുകളുടെയും ലൈബ്രറികളുടെയും കാര്യക്ഷമമായ പ്രവർത്തനം സാംസ്ക്കാരിക രംഗത്തെ മുന്നേറ്റത്തിന് സഹായിച്ചിട്ടുണ്ട്. ക്ലബ്ബുകളെ

സ്പോർട്സ് കൗൺസിലിൽ രജിസ്റ്റർ ചെയ്ത് സ്പോർട്സ് ഉപകരണങ്ങൾ അടക്കമുള്ളവ വിതരണം വിതരണം ചെയ്ത് കായികതാരങ്ങളെ പ്രോത്സഹിപ്പിക്കാൻ കഴിയണം. കേരളോത്സവത്തിന്റെ എല്ലാ വർഷവും എല്ലാ ക്ലബ്ബുകളെയും കൂട്ടി യോജിപ്പിച്ച് കൊണ്ട് സംഘടിപ്പിക്കാൻ സാധിക്കണം. പഞ്ചായത്ത് സാംസ്ക്കാരിക നിലയങ്ങൾ ഉൾപ്പെടെയുള്ള ലൈബ്രറികളിലും ക്ലബ്ബുകളെയും വായനശാലകളെയും സാംസ്ക്കാരിക രംഗത്തെ മികവുറ്റ കേന്ദ്രമാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതാണ്.

പഞ്ചായത്തിലെ ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രത്യേക ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട് . നീർച്ചാലുകളും ഇടവഴികളും റോഡുകളായി മാറി. വലുതും ചെറുതുമായ ഭൂരിഭാഗം റോഡുകളും ടാർ ചെയ്തവയാണ്. റോഡുകളുടെ നവീകരണം പൊതുവികസനത്തിന്റെ വേഗത ദ്രുതഗതിയിലാക്കിയിട്ടുണ്ട്. റോഡുകളുടെ സംരക്ഷണം ഏറ്റവും പ്രധാനമാണ്. ആവശ്യത്തിന് ഓവുചാലുകൾ നിർമ്മിക്കേണ്ടത്. നടപ്പാതകളുടെ സംരക്ഷണവും ഏറ്റെടുക്കണം. തൊഴിലുറപ്പ് പദ്ധതികളുടെ സാധ്യകൾ ഈ രംഗത്ത് ഉപയോഗപ്പെടുത്താനാവണം. റോഡുകളുടെ കൃത്യമായ സംരക്ഷണവും ഓവുചാൽ സംവിധാനവും കാര്യക്ഷമമായി നടത്താൻ ആവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കണം. പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും എത്തിക്കാനും പ്രധാന റോഡുകളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കാനും സാധിച്ചിട്ടുണ്ട്. ബാക്കിവരുന്ന ചുരുക്കം ഭാഗങ്ങളിലും തെരുവ് വിളക്കുകൾ യഥാസമയം മാറ്റി സ്ഥാപിക്കാനും സാധിക്കണം. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളെ സമൂഹത്തിന്റെ മുൻനിരയിലേക്ക് ഉയർത്തിക്കൊണ്ട് വരുന്നതിന് നിരവധി പ്രവർത്തന പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ഇതിനായുള്ള പരിശ്രമം ഇനിയും നടത്തണ്ടതുണ്ട്. പഞ്ചായത്തിലെ മൂന്ന് സങ്കേതങ്ങളിലായി 74 കുടുംബങ്ങളാണ് താമസിക്കുന്നത്. 2 ഭവനങ്ങളിലായി 4 പട്ടികവർഗ്ഗ കുടുംബം താമസിക്കുന്നുണ്ട്. ഈ മേഖലയിലെ പ്രധാന പ്രശ്നങ്ങളായ സ്ത്രീകൾക്കിടയിലുള്ള തൊഴിലില്ലായ്മയും സ്വയം സംരംഭങ്ങളിലെ പങ്കാളിത്തക്കുറവും സ്വന്തമായി ഭവനങ്ങളിലാത്തതും പരിഹരിക്കപ്പെടേണ്ടതുണ്ട്. വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും മത്സരപരീക്ഷകൾക്ക് പരിശീലനം നൽകുന്നതിനും സാധിക്കണം. കുടിവെള്ളക്ഷാമം നേരിടുന്നതിന് പദ്ധതികൾ നടപ്പിലാക്കുകയുണ്ടായി. കോട്ടയം കുടിവെള്ള പദ്ധതിയും ജലജീവൻ മിഷൻ പദ്ധതിയും യാഥാർത്ഥ്യമായതിലൂടെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ ഒരു പരിധിവരെ സാധിച്ചിട്ടുണ്ട്.   പൈക്കാട്, കല്ലറക്കൽ, കൂറ്റേരിക്കുന്ന് കുടിവെള്ളപദ്ധതികളിൽ അടുത്തകാലത്തായി നല്ല പുരോഗതിയുണ്ടായി. കുടിവെള്ള പദ്ധതി ഇനിയും കാര്യക്ഷമമാക്കേണ്ടതുണ്ട്. കോട്ടയം ഗ്രാമപഞ്ചായത്ത് സമ്പൂർണ്ണശുചിത്വ പദവിയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഒഡിഎഫും ഒഡിഎഫ് പ്ലസ് പദവിയും നേടി. ഖരദ്രവ മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള നിരവധി പ്രവർത്തനങ്ങളാണ് നടത്തുന്നത്. ഉറവിട മാലിന്യ സംസ്ക്കരണത്തിന് മുൻതൂക്കം നൽകി റിംഗ് കമ്പോസ്റ്റുകളുടെ ബയോഗ്യാസ് പ്ലാന്റുകളും മണ്ണിരകമ്പോസ്റ്റുകൾ സ്ഥാപിക്കുകയും ബോധവൽക്കരണ പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി. അജൈവമാലിന്യങ്ങൾ ശേഖരിക്കുന്ന ഹരിതകർമ്മസേനയുടെ പ്രവർത്തനം

കാര്യക്ഷമമാക്കി, എല്ലാ വീടുകളിൽ നിന്നും കടകളിൽ നിന്നും യൂസർഫീ ലഭിക്കുന്നതിലേക്ക് കൊണ്ടുവരാൻ കഴിയണം. 2020–24 ആകുന്നതോടെ സമ്പൂർണ്ണ ശുചിത്വ പദവി ലഭിക്കുന്നതിനു വേണ്ടി തയ്യാറാക്കിയ സമഗ്രമായ പദ്ധതിക്ക് അനുസരിച്ച് പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടു പോകാൻ ആവണം. സ്ത്രീകളുടെ സാമ്പത്തികവും സാമൂഹികവുമായ ഉന്നമനം ലക്ഷ്യം വെച്ച് കൊണ്ട് ഒട്ടേറെ പദ്ധതികൾ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. ദുർബലരായ സ്ത്രീകളുടെ സർവ്വതോന്മുഖമായ വികസനം കൈവരിക്കുന്നതിന് കുടുംബശ്രീ യൂണിറ്റുകളെയും സ്വാശ്രയ സംഘങ്ങളെയും ശക്തമാക്കേണ്ടതുണ്ട്. നിരവധി തൊഴിൽ സംരംഭങ്ങൾ കുടുംബശ്രീ നേതൃത്വ ത്തിൽ അവലംബിച്ചിട്ടുണ്ട്. ഇനിയും കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സഹായ ങ്ങൾ ചെയ്തുകൊടുക്കാൻ കഴിയണം. ശാസ്ത്രീയവും ഫലപ്രദവുമായ പരിശീലനം തൊഴിൽ സംരംഭങ്ങൾ ഏറ്റെടുത്ത് വിജയിപ്പിക്കാനുള്ള കാര്യപ്രാപ്തിയും നേടിയെടുക്കാനുള്ള ഫലപ്രദ മായ ഇടപെടലുകൾ ആവശ്യമാണ്. തൊഴിലുറപ്പ് പദ്ധതികളിൽ സ്ത്രീകളെ ഉൾപ്പെടുത്താൻ ബോധപൂർവ്വമായ കൂട്ടായ പരിശ്രമങ്ങൾ ഉണ്ടാവണം. സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾക്ക് കരുത്ത് പകരാൻ ജാഗ്രതാസമിതികളെ ശക്തിപ്പെടുത്തണം. പുതുതായി രൂപീകരിച്ച ജെന്റർ റിസോഴ്സ് സെന്ററിന്റെ പ്രവർത്തനം ജനകീയമാക്കി കുറ്റമറ്റതാക്കി മാറ്റാൻ കഴിയുന്നവിധത്തിൽ ഇടപെടലുകൾ ഉണ്ടാവും. വനിത വകിസന പദ്ധതിക്കുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭി ക്കാനും തുടർച്ചയായ പ്രവർത്തനങ്ങളിലൂടെ പൂർത്തീകരിക്കാനും കഴിയണം.

കുട്ടികളുടെയും വയോജനങ്ങളുടെയും ഭിന്നശേഷിയുള്ളവരുടെയും വികസനം സാമൂഹ്യ നീതിയിലധിഷ്ഠിതമായി നടപ്പാക്കാൻ പഞ്ചായത്ത് പ്രതിജ്ഞാബദ്ധമാണ്. വർത്തമാനക്കാലത്ത് അണുകുടുംബങ്ങൾ വർദ്ധിക്കുമ്പോൾ അനാഥമാക്കപ്പെടുന്നത് വയോജനങ്ങളാണ്. വയോജന ങ്ങളുടെ പ്രയാസങ്ങൾ പരസ്പരം പങ്കുവെയ്ക്കാനും മാനസീക സംഘർഷങ്ങൾ കുറയ്ക്കാനു മുള്ള സംവിധാനങ്ങൾ ഉണ്ടാവണം. വയോജന സൗഹൃദ പഞ്ചായത്ത് എന്ന മഹത്തായ ലക്ഷ്യം പൂർത്തിയാക്കാനുള്ള പദ്ധതികളുമായാണ് പഞ്ചായത്ത് മുന്നോട്ട് പോകുന്നത്. സർവ്വേയിലൂടെ കണ്ടെത്തിയ വയോജനങ്ങളെ പങ്കെടുപ്പിച്ച് വയോജനങ്ങളുടേതുമാത്രമായ ഗ്രാമസഭകൾ സംഘടിപ്പിച്ച് പ്രവർത്തനം ആരംഭിച്ചു. പ്രവർത്തനങ്ങൾ കൃത്യതയോടെ തുടരുകയും വയോജന സൗഹൃദത്തിലെത്തുകയും വേണം. എല്ലാ വാർഡുകളിലും വയോജന റിസോഴ്സ് സെന്ററുകൾ ആരംഭിച്ച് പകൽസമയ വിശ്രമകേന്ദ്രങ്ങൾ ഉറപ്പു വരുത്താനും കഴിയണം.

ബാലസൗഹൃദ പഞ്ചായത്തെന്ന പദവി സ്വന്തമാക്കാനുള്ള നിരവധി പ്രവർത്തനങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. കുട്ടികൾക്ക് അനുയോജ്യമായ പൊതു ഇടങ്ങൾ സ്ഥാപിച്ച് ശിശുസൗ ഹൃദമാക്കണം. കുട്ടികളുടെ വളർച്ചയിൽ നിർണ്ണായകമായ പങ്ക് വഹിക്കുന്ന അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താനും സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾ കെട്ടിടം ഉറപ്പാക്കാനുമുള്ള പദ്ധതികൾ ആവിഷ്ക്കരിക്കും. കുട്ടികളുടെ മാനസീകവും ശാരീരിക വും കലാപരവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികൾ നടത്താനാവണം. ശാരീ രികമാനസിക വൈകല്യമുള്ളവർക്ക് വേണ്ടി നിരവധി പ്രവർത്തനങ്ങൾ പഞ്ചായത്ത് നടപ്പിലാക്കി യിട്ടുണ്ട്. ഭിന്നശേഷിക്കാരുടെ എണ്ണം വർദ്ധിച്ചിരിക്കുകയാണ്. ഭിന്നശേഷിസൗഹൃദ പഞ്ചായ

ത്തായി മാറാൻ നമുക്ക് സാധിക്കണം. കഴിവിനനുസരിച്ചുള്ള തൊഴിൽ ലഭ്യമാക്കാൻ പദ്ധതികൾ നടപ്പാക്കാനും സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കാനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാനും കഴിയേണ്ടതുണ്ട്.

വികസനക്ഷേമ പ്രവർത്തനങ്ങളിൽ മികമാർന്ന നിലയിൽ പദ്ധതികൾ ആവിഷ്ക്കരിച്ച് മാതൃകാപരമായ ഒട്ടേറെ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് ജനകീയമായ കൂട്ടായ്മയിലൂടെ നാടിന്റെ വികസന പ്രക്രിയയിൽ മഹത്തായ നേട്ടം കൈവരികാകനുള്ള പരിശ്രമങ്ങൾ പതിനാലാം പഞ്ചവത്സര പദ്ധതിക്കാലത്ത് നമുക്ക് നടത്താം.

# അദ്ധ്യായം 4
# വിഭവ സമാഹരണം

# അദ്ധ്യായം 4

## വിഭവ സമാഹരണം

പതിനാലാം പഞ്ചവത്സരപദ്ധതി കാലത്ത് കോട്ടയം ഗ്രാമപഞ്ചായത്തിന്റെ പദ്ധതി നടത്തിപ്പിനായി വിവിധ സ്രോതസ്സുകളിൽ നിന്നും ഫണ്ട് ലഭ്യമാക്കുന്നതിന് സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ആയതിൽ വികസനഫണ്ട് (പൊതുവിഭാഗം, സാധരണവിഹിതം, പട്ടികജാതി വിഭവ ഉപ പദ്ധതി വിഹിതം, ധനകാര്യ കമ്മീഷൻ ഗ്രാന്റ്) മെയിന്റനൻസ് ഫണ്ട്, പൊതുആവശ്യ ഫണ്ട്, തനത് ഫണ്ട്, സംസ്ഥാന കേന്ദ്രാവിഷ്കൃത ഫണ്ട്, സഹകരണ സ്ഥാപനങ്ങളിൽ നിന്നും ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പ, ഗുണഭോക്തൃ വിഹിതം, മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ നിന്നുള്ള വിഹിതം തുടങ്ങിയവയിൽ നിന്നുള്ള ഫണ്ട് ലഭ്യമാകുന്നതായി കണക്കാക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഉല്പാദന സേവന പശ്ചാത്തല മേഖലകളിൽ അനുയോജ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് ഉദ്ദേശിക്കുന്നു. അതോടൊപ്പം തന്നെ സർക്കാർ മാർഗ്ഗരേഖയ്ക്ക് അനുസരിച്ച് വനിതാ ഘടക പദ്ധതി, കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെൻഡേർസ്, വയോജനങ്ങൾ, പാലിയേറ്റീവ് പരിചരണം, ദുരന്തനിവാരണ പ്രവർത്തനങ്ങൾ, അതിദരിദ്രർക്കാവശ്യമായ പദ്ധതികൾ, വാതിൽപ്പടി സേവനങ്ങൾ എന്നിവയ്ക്ക് പ്രത്യേക ഫണ്ട് വകയിരുത്തി കൊണ്ട് പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് വിഭാവനം ചെയ്യുന്നു. അത്തരത്തിൽ ലഭ്യമാകുന്ന ഫണ്ടുകൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ഇതോടൊപ്പം ചേർക്കുന്നു.

## പ്രതീക്ഷിത വിഭവ സ്ത്രോതസ്സുകളും വകയിരുത്തലുകളും

| 1 | വികസനഫണ്ട് (ജനറൽ) | 2022-23 | 2023-24 | 2024-25 | 2025-26 | 2026-27 |
|---|---|---|---|---|---|---|
| 2 | വികസന ഫണ്ട് (എസ്.സി.പി.) | 1104500 | 12149500 | 13254000 | 14358500 | 15463000 |
| 3 | ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ് ഫണ്ട്) | 549000 | 603900 | 658800 | 713700 | 768600 |
| 4 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബേസിക്) | 3195000 | 3514500 | 3834000 | 4153500 | 4473000 |
| 5 | ലോകബാങ്ക് വിഹിതം | 2130000 | 2151300 | 2172600 | 2193900 | 2215200 |
| 6 | മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 0 | 0 | 0 | 0 |
| 7 | മെയിന്റനൻസ് ഫണ്ട് (നോൺറോഡ്) | 7505000 | 7880250 | 8255500 | 8630750 | 8668000 |
| 8 | കേന്ദ്ര വിഹിതം | 225400 | 2479400 | 2704800 | 2930200 | 3155600 |
| 9 | സംസ്ഥാന വിഹിതം | 1000000 | 1200000 | 1600000 | 2000000 | 2400000 |
| 10 | ജില്ല പഞ്ചായത്ത് വിഹിതം | 1117700 | 1128870 | 1240640 | 1352410 | 1464180 |
| 11 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1071871 | 1179085 | 1286245 | 1393432 | 1500619 |
| 12 | തനത് ഫണ്ട് | 1656561 | 1739389 | 1822217 | 1905045 | 1987873 |
| 13 | ഗുണഭോക്തൃ വിഹിതം (സ്ഥാപനത്തിൽ അടക്കുന്നത്) | 2000000 | 2200000 | 2200000 | 2400000 | 2500000 |
| 14 | ഗുണഭോക്തൃ വിഹിതം (നേരിട്ട് ചെലവഴിക്കുന്നത്) സന്നദ്ധ സേവനം/ സംഭാവന | 1406263 | 1603522 | 1802214 | 215000 | 218000 |
| | | | | | | |
| | | | | | | |

# അദ്ധ്യായം 5
## വികസനമേഖല

# അദ്ധ്യായം 5

## വികസനമേഖല

### ജനകീയാസൂത്രണം - കാൽനൂറ്റാണ്ട് പിന്നിടുമ്പോൾ

പ്രാദേശിക ജനതയോട് ഏറ്റവും അടുത്തു നിൽക്കുന്ന ഭരണകൂടമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ. അതത് പ്രദേശങ്ങളിലെ ഭരണവികസന കാര്യങ്ങൾ നിർവ്വഹിക്കുന്നത് പ്രാദേശിക തലത്തിൽ പ്രവർത്തനം നടത്താൻ ചുമതലപ്പെട്ട സ്വയംഭരണ സ്ഥാപനങ്ങൾ ആണിവ. കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്നും വ്യത്യസ്തമായി ഭരണത്തിലും വികസനത്തിലും പൊതുജനത്തിന് നേരിട്ട് പങ്കാളികളാകാൻ കഴിയുന്നു എന്നതാണ് ഇതിൻറെ സവിശേഷത.

ഇന്ത്യൻ ഭരണഘടന നിലവിൽ വന്നപ്പോൾ രാജ്യത്ത് രണ്ട് തരത്തിലുള്ള ഭരണകൂടങ്ങളാണ് വ്യവസ്ഥ ചെയ്യപ്പെട്ടത്. ഒന്ന് കേന്ദ്രസർക്കാർ, രണ്ട് സംസ്ഥാന സർക്കാർ. മൂന്നാം തല ഭരണസംവിധാനം ആയി പ്രാദേശിക സർക്കാരുകൾ ഇന്ത്യൻ ഭരണഘടനയുടെ ഭാഗമായി തീർന്നത് 73, 74 ഭരണഘടന ഭേദഗതിയോടെ കൂടിയാണ്. ഇന്ന് പ്രാദേശിക സർക്കാരുകൾ ഭരണഘടന പിൻബലമുള്ള സ്വയംഭരണ സ്ഥാപനങ്ങളാണ്.

ഇന്ത്യയുടെ ഭരണഘടന രൂപകല്പന ചെയ്യുമ്പോൾ ഓരോ ഗ്രാമവും പൂർണ്ണ അധികാരമുള്ള ഒരു  പഞ്ചായത്ത് റിപ്പബ്ലിക് ആകണമെന്ന ഗാന്ധിജിയുടെ കാഴ്ചപ്പാട് ഭരണ ഘടനയിൽ സ്ഥാനം പിടിച്ചില്ല. അതിന് പകരം ഭരണഘടനയുടെ നാലാംഭാഗത്ത് അനുച്ഛേദം 40 ആയി ഗ്രാമ പഞ്ചായത്തുകളുടെ രൂപീകരണത്തിന് ആവശ്യകത എഴുതി ചേർക്കുകയാണ് ചെയ്തത്.

ഇന്ത്യയിൽ ആസൂത്രണത്തിന്റെ ചർച്ചകൾ 1930 മുതൽ തന്നെ ആരംഭിച്ചിരുന്നു. അത് ലോകത്താകെ ഉണ്ടായ സാമ്പത്തിക പ്രതിസന്ധിയുടെ ഭാഗമായി നടന്ന ചർച്ചകളായിരുന്നു.

എന്നാൽ സ്വതന്ത്ര ഇന്ത്യയിൽ റിപ്പബ്ലിക് ആയതിനുശേഷം 1951-56 കാലഘട്ടത്തിലാണ് ഒന്നാം പഞ്ചവത്സര പദ്ധതി ആരംഭിക്കുന്നത്. ഇവ നടപ്പാക്കിയിരുന്നത് കമ്മ്യൂണിറ്റി ഡെവലപ്മെൻറ് ബ്ലോക്കുകൾ രൂപീകരിച്ചും കേന്ദ്ര-സംസ്ഥാനസർക്കാറുകൾ നേരിട്ടും ആയിരുന്നു . പിന്നീട് 1956 – 61 രണ്ടാം പഞ്ചവത്സര പദ്ധതിജില്ലാ വികസന സമിതിയുടെയും പിന്നീട് 1957 ബൽവന്ത് റായ് മേത്ത കമ്മിറ്റിറിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ ത്രിതല പ്രാദേശിക പ്രാദേശിക ഭരണ സംവിധാനം നടപ്പാക്കാൻ നിർദ്ദേശിച്ചു. ഇതിൻറെ ഭാഗമായി ജില്ലാ തല പദ്ധതികളും അത് തയ്യാറാക്കുന്ന നിർദ്ദേശങ്ങളും എന്ന കാഴ്ചപ്പാട് ഉൾക്കൊണ്ടുകൊണ്ട് 1969 പ്ലാനിങ് കമ്മീഷൻ

നിലവിൽ വന്നു പിന്നീട് പഞ്ചായത്തുകൾക്ക് ഭരണഘടനയുടെ അംഗീകാരം വേണമെന്ന കാതലായ ഒരു നിർദ്ദേശത്തോടെ കൂടി 1978 അശോക് മേത്തകമ്മിറ്റിയാണ് ഭരണഘടന ഭേദഗതി നിർദ്ദേശങ്ങൾ അടക്കം മുന്നോട്ടുവെച്ചത്. 1978 ൽതന്നെ ജില്ലാ ഗ്രാമതങ്ങൾക്കിടയിൽ ബ്ലോക്കുകൾ പ്രവർത്തിക്കണമെന്ന് ഒരുറിപ്പോർട്ട് പ്രൊഫസർ എം എൽദത്ത് വാല മുന്നോട്ടുവച്ചു. പിന്നീട് 1984 ൽ തന്നെ കേന്ദ്രാവിഷ്കൃതപദ്ധതികളും അധികാരവികേന്ദ്രീകരണത്തെകുറിച്ചുള്ള ഹനുമന്ത റാവു കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചു. തുടർന്ന് 1985 ഗ്രാമവികസനത്തിന് ഭരണതലത്തിലുള്ള ഇടപെടൽ നിർദ്ദേശങ്ങളിൽ ഊന്നി കൊണ്ടു ജി വി കെറാവു കമ്മിറ്റിയും തുടർന്ന് 1988 പാർലമെൻററി കൺസൾട്ടേറ്റീവ് ചെയർമാൻപി കെ തുംഗ കോൺ പഞ്ചായത്ത് രാജ് നിയമത്തിന് ഭരണഘടന പരമായ അംഗീകാരത്തിന് ശുപാർശചെയ്തു. 1989-ലെ കേന്ദ്രസർക്കാർ ഇതിനെയൊക്കെ അടിസ്ഥാനത്തിൽ 64, 65 ഭരണഘടന ഭേദഗതികൾ അവതരിപ്പിച്ചുവെങ്കിലും പാസായില്ല. തുടർന്ന് പ്രതിപക്ഷ കമ്മിറ്റികളുടെയും മറ്റും ചർച്ചയുടെയും സമവായത്തിൻേറയും അടിസ്ഥാനത്തിൽ 1992 ൽ 73, 74 ഭരണഘടനാ ഭേദഗതികൾ പാർലമെൻററി പാസാക്കുകയും 1993 ഏപ്രിൽ 24 ന് 73ാം ഭരണഘടനഭേദഗതിയും 1993 ജൂൺ ഒന്നിന് 74ാം ഭേദഗതിയും പ്രാബല്യത്തിൽ വരികയും പ്രസ്തുത ഭേദഗതി നിയമങ്ങളിലൂടെ പ്രാദേശിക ഭരണ സ്ഥാപനങ്ങൾക്ക് ഭരണഘടന പിൻബലം ലഭിച്ചു. അതോടൊപ്പം തന്നെ തന്നെ പ്രാദേശിക സാമ്പത്തിക വികസനത്തിനും സാമൂഹ്യനീതിക്കും വേണ്ടി പദ്ധതികൾ തയ്യാറാക്കി നടപ്പാക്കാനുള്ള അവകാശവും ചുമതലയുംലഭിച്ചു.

കേരളത്തിൽ 1957ലെ ഇ എം എസ് സർക്കാർ ഒരു ഭരണപരിഷ്കാര കമ്മിറ്റിയെനിയോഗിച്ചു. മുഖ്യമന്ത്രി ചെയർമാനായി കൊണ്ട് പൊതു ഭരണത്തിലെ വികസനത്തെയും അടിസ്ഥാന ഘടകമായി ഈ കമ്മിറ്റി ശുപാർശ ചെയ്തത് തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് സംവിധാനത്തെ ആയിരുന്നു. ഇതിൻറെ അടിസ്ഥാനത്തിൽ പഞ്ചായത്ത് നിയമത്തിനും ജില്ല ഭരണം നിയമത്തിനുമായി രണ്ടു ബില്ലുകൾ നിയമസഭയിൽ കൊണ്ടു വന്നു എന്നാൽ മന്ത്രിസഭയെ പിരിച്ചുവിട്ടത് മൂലം ഈ രണ്ട് ബില്ലുകളും നിയമം ആകാതെ പോയി. പിന്നീട് ബൽവന്ത് റായ് മേത്ത കമ്മിറ്റിയുടെ ശുപാർശകൾ പരിഗണിച്ചുകൊണ്ട് 1960-62 കാലഘട്ടത്തിൽ കേരള പഞ്ചായത്ത് നിയമം പ്രാബല്യത്തിൽ വന്നു. പ്രസ്തുതനിയമത്തിൻറെ അടിസ്ഥാനത്തിൽ 1964 ജനുവരി ഒന്നിന് പുതിയ പഞ്ചായത്ത് മുനിസിപ്പൽ ഭരണസമിതികൾ നിലവിൽ വന്നു എന്നാൽ പിൽക്കാലത്ത് ഇവയെ ശാക്തികരിക്കുന്നതിനായി കൊണ്ടുവന്ന ബില്ലുകൾ ഫലം കാണാതെ പോയി.

1980 ജില്ലാഭരണ ബില്ലിന് പ്രസിഡൻറ് അനുമതി ലഭിച്ചു. എന്നാൽ ജില്ലാ കൗൺസിൽ രൂപീകരണം നടന്നത് 1991 മാത്രമാണ്. വികസനത്തിൽ ധാരാളം അധികാരങ്ങൾ ഉണ്ടായിരുന്ന ജില്ലാ കൗൺസിൽ നൂതനമായൊരു ഭരണ സംവിധാനം ആയിരുന്നു

മേൽപ്പറഞ്ഞ രീതിയാണ് 73, 74 ഭരണഘടന ഭേദഗതികൾക്ക് മുൻപ് കേരളത്തിൽ ഉണ്ടായിരുന്നത്. 1974 ഏപ്രിൽ 24 കേരളപഞ്ചായത്ത് രാജ് നിയമവും കേരള മുനിസിപ്പാലിറ്റി

നിയമവും കേരള നിയമസഭപാസാക്കി. ഈ നിയമങ്ങളുടെ പിൻബലത്തോടെ 1995 ഒക്ടോബർ രണ്ടിന് കേരളത്തിൽ പുതിയ പ്രാദേശിക സർക്കാർ നിലവിൽ വന്നു.

പഞ്ചായത്ത് മുനിസിപ്പൽ സമിതികൾ അധികാരത്തിൽവന്നെങ്കിലും ആവശ്യമായ അധികാരങ്ങളും ജീവനക്കാരും ലഭ്യമായിരുന്നില്ല. കുറഞ്ഞ ആളോഹരി വരുമാനത്തിലും കേരളം മെച്ചപ്പെട്ട നേട്ടങ്ങൾ കൈവരിച്ചത് ആസൂത്രണത്തിലെ മികവും അതിനു നൽകിയ പ്രാധാന്യവുമാണ്. കേരളം അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന വികസനപ്രശ്നങ്ങൾ തരണം ചെയ്യണമെങ്കിൽ അധികാര വികേന്ദ്രീകരണത്തോടൊപ്പം വികേന്ദ്രീകൃതാസൂത്രണവും അതുവഴി പൊതുജന പങ്കാളിത്തവും അനിവാര്യമാണെന്ന കാഴ്ച്ചപ്പാട് രൂപപ്പെട്ടു.

ഇതിൻറെഅടിസ്ഥാനത്തിൽ 1996 ൽ അധികാരത്തിൽ വന്ന നായനാർ സർക്കാർ അധികാര വികേന്ദ്രീകരണത്തോടൊപ്പം ആസൂത്രണാധികാരികളും വിഭവങ്ങളും വികേന്ദ്രീകരിച്ചു. ഈ നൂതനസംവിധാനത്തിന് ജനകീയാസൂത്രണം എന്ന നാമകരണം ചെയ്തു. 30/07/1996 Go(MS) 10/96 plg എന്ന ഉത്തരവിലൂടെ ഈ ആശയം അധികാരമായി. ഇതാണ് അധികാര വികേന്ദ്രീകരണത്തിൽ കേരളം ഇന്ത്യയ്ക്കും ലോകത്തിനും മാതൃകയായത്. "അധികാരം ജനങ്ങളിലേക്ക്" – എന്ന മുദ്രാവാക്യം ഉയർത്തി അധികാര വികേന്ദ്രീകരണം പ്രാവർത്തികമാക്കുന്നതിനുള്ള ഒരു ഉപകരണമായാണ് ജനകീയാസൂത്രണം വർത്തിച്ചത്. ഒമ്പതാം പദ്ധതി ജനകീയ പദ്ധതി, ജനകീയ പദ്ധതി ജനപങ്കാളിത്തത്തിലൂടെ എന്നിങ്ങനെയാണ് ജനകീയാസൂത്രണ മുദ്രാവാക്യങ്ങൾ രൂപപ്പെട്ടത്. ആസൂത്രണത്തിന് ഇദംപ്രഥമമായി അതിന് അർഥഗർഭമായ ഒരു ലോഗോയും ഉണ്ടായി.

ജനകീയാസൂത്രണം പങ്കാളിത്ത ആസൂത്രണത്തിന് ഒരു പുതിയ മാനം നൽകി. കക്ഷിരാഷ്ട്രീയ വ്യവസ്ഥകൾ ഇല്ലാതെ എല്ലാവരെയും ഉൾപ്പെടുത്തിക്കൊണ്ട് പൊതു ചുമതലയുള്ള ഒരു ബഹുജന അടിത്തറ രൂപംകൊണ്ടു. എല്ലാവരെയും ഉൾക്കൊള്ളിച്ചുകൊണ്ട് വളരെ വിപുലമായ ഒരു ജനകീയപ്രസ്ഥാനമാണ് സജ്ജമാക്കപ്പെട്ടത്. അങ്ങനെ ആഗസ്റ്റ് 1996 ഓഗസ്റ്റ് 17 ചിങ്ങം ഒന്നിന് ജനകീയാസൂത്രണ പ്രസ്ഥാനം കേരളത്തിൽ പ്രവർത്തനമാരംഭിച്ചു. സംസ്ഥാനത്തെ ആകെ പദ്ധതി വിഹിതത്തിന്റെ 3 ൽ ഒന്ന് ഭാഗം തുകയും അതിലേറെയും തുക തദ്ദേശസ്ഥാപനങ്ങൾക്ക് നൽകാനുള്ള തീരുമാനം സർക്കാർ ഉടൻ പ്രഖ്യാപിച്ചു. അങ്ങനെ അധികാരവികേന്ദ്രീകരണം പൂർണ്ണമായ അർത്ഥത്തിൽ നടപ്പിൽവരുത്താൻ ജനകീയാസൂത്രണം വഴി സാധിച്ചു. ജനകീയാസൂത്രണം ആരംഭിച്ചിട്ട് 25 വർഷങ്ങൾ പിന്നിടുകയാണ്. 1996–2005 ൽ ശ്രീ എം മോഹനൻ നേതൃത്വത്തിൽ 9 –10 പഞ്ചവത്സരപദ്ധതികളും 2005– 10 ൽ ശ്രീമതി പി ജാനകിടീച്ചറുടെ നേതൃത്വത്തിൽ പതിനൊന്നാംപഞ്ചവത്സര പദ്ധതിയും, 2010–2015 ൽ ശ്രീ കെ പി നസീറിന്റെ നേതൃത്വത്തിൽ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയും, 2015–20 കാലത്ത് ശ്രീമതി. ടി ഷബ്നയുടെ നേതൃത്വത്തിൽ പതിമൂന്നാം പഞ്ചവത്സര പദ്ധതിയും പൂർത്തീകരിച്ച് ഇപ്പോൾ 2020–25 ൽ ശ്രീ സി.രാജീവന്റെ നേതൃത്വത്തിൽ പതിനാലാം പഞ്ചവത്സരപദ്ധതിയിലേക്ക് കടക്കുകയാണ്.

ഈ കഴിഞ്ഞ 25 വർഷം കൊണ്ട് ഒരുപാട് വികസനം മുന്നേറ്റങ്ങൾ ഉണ്ടാക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. ഈ കഴിഞ്ഞ കാലഘട്ടങ്ങളിൽ അഞ്ച് ഭരണസമിതികളും ജനങ്ങളുടെ അഭിലാഷത്തിനും ആഗ്രഹത്തിനനുസരിച്ച് മികച്ച രീതിയിൽ പ്രവർത്തിക്കാൻ സാധിച്ചിട്ടുണ്ട് എന്നതാണ് പൊതുവേ ജനങ്ങളുടെ പ്രതികരണം. യാതൊരുവിധ പരാതികളോ അഭിലഷണീയമല്ലാത്ത കാര്യങ്ങളോ ഇക്കാലമത്രയും ഈ പഞ്ചായത്തിൽ ഉണ്ടായിട്ടില്ല.

കേരളത്തിൻറെ അധികാര വികേന്ദ്രീകരണത്തിൻറേയും, വികേന്ദ്രീകൃതാണാസൂത്രണത്തിൻറേയും എല്ലാ പ്രക്രിയയും നിയമവും ഉത്തരവുകളും ചട്ടങ്ങളും എല്ലാം തന്നെ സുതാര്യത, ജനപങ്കാളിത്തം, സാമൂഹ്യനീതി എന്നീ സദ്ഭരണത്തിന്റെ തത്വങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ്. കേരളത്തിലെ വികസനപ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സമഗ്രതയും ഉദ്ഗ്രഥനവും ഉറപ്പാക്കേണ്ടതുണ്ട്. വകുപ്പുകൾ വിവിധ വിഷയങ്ങളിലെ വികസന പ്രശ്നങ്ങൾ എന്നിവ വ്യത്യസ്ത അറകളിൽ നിന്നാൽ ഇത് ഉറപ്പാക്കാൻ കഴിയില്ല എന്ന കാഴ്ചപ്പാടിൻറെ അടിസ്ഥാനത്തിലാണ് കേരള പഞ്ചായത്ത് രാജ് മുനിസിപ്പൽ സംവിധാനത്തിന് രൂപംനൽകിയിട്ടുള്ളത്. പണവും അധികാരങ്ങളും ജനങ്ങളുടേതാണെന്നും ജനങ്ങളാണ് യജമാനന്മാരെന്നും അവ ഫലപ്രദമായി വിനിയോഗിക്കുന്നതിനാണ് ഇത്തരം സംവിധാനങ്ങൾ എന്നും, ആയതുകൊണ്ടുതന്നെ ഇവയുടെ പ്രവർത്തനങ്ങളെ സഹായിക്കാനും വിലയിരുത്താനും പങ്കെടുക്കാനും പൊതുജനത്തിന് അധികാരവും ഉത്തരവാദിത്വവുമുണ്ട്.

അധികാര വികേന്ദ്രീകരണത്തോടൊപ്പം ഓരോ പ്രദേശത്തെയും ആവശ്യങ്ങൾ നിറവേറ്റുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് ജനകീയസൂത്രണത്തിലൂടെ ആസൂത്രണ വികേന്ദ്രീകരണവും കേരളത്തിൽ നടപ്പാലാക്കി. ജനകീയാസൂത്രണത്തിൽ 25 വർഷം പിന്നിട്ട് നാം ഇപ്പോൾ രജതജൂബിലി ആഘോഷിക്കുമ്പോൾ അർഹരെ കണ്ടെത്തി വീണ്ടും വീണ്ടും പരിരക്ഷ ഉറപ്പാക്കുക എന്നത് പരമപ്രധാനമാണ് മാഞ്ഞുപോകുന്ന മാരിവില്ലല്ല, അടുത്തുനിൽക്കുന്ന പ്രയോഗമാണ് യാഥാർത്ഥ്യവും ശാസ്ത്രീയവുമായ വികസനം എന്നത് ഇനിയും തിരിച്ചറിയേണ്ടതുണ്ട്. ജനകീയ ആസൂത്രണത്തിൻറെ രജത ജൂബിലി വർഷത്തിൽ നടപ്പാക്കാൻ പോവുന്ന അതി ദാരിദ്ര നിർമാർജ്ജനയജ്ഞം, കേരള സമൂഹത്ത മുന്നേറ്റത്തിലെ നാഴികക്കല്ലാകും..............

" ദാരിദ്ര്യമെന്തെന്നറിഞ്ഞവർക്കേ പാരിൽ പരക്ലേശ വിവേകമുള്ളു 'എന്ന കവിവാക്യം ഇവിടെ എടുത്തു പറയേണ്ടതാണ്. ഏറ്റവുംദരിദ്രനായ കുടുംബങ്ങളെ പ്രത്യേകമായി എടുത്ത് ഓരോന്നിനെയും പ്രശ്നങ്ങളുംആവശ്യങ്ങളും പഠിച്ച്, അവ പരിഹരിക്കുന്നതിന് ചെയ്യേണ്ട കാര്യങ്ങൾ എല്ലാം മനസ്സിലാക്കി അവയ്ക്കു വേണ്ട ചെലവും രേഖ ആക്കുന്നതാണ് അതി ദാരിദ്ര നിർമ്മാർജനപദ്ധതിയെന്ന ബജറ്റ് നിർചിച്ചിക്കുന്നു. വികസനത്തിൻറെ സാമ്പ്രദായിക ശൈലിയും സങ്കേതങ്ങളും ഉപയോഗിച്ച് പരിഹാരം കാണാനാകുന്നതിനേക്കാൾ വൈവിധ്യവും തീവ്രതയുംഉള്ളതാണെന്ന് പ്രശ്നത്തിന് സ്വഭാവം.

നാളിതുവരെ കേരളം ദാരിദ്ര ലഘൂകരണകാര്യത്തിൽ കാര്യമായ പുരോഗതി

കൈവരിച്ചിട്ടുണ്ട് എന്നത് തർക്കമറ്റ കാര്യമാണ്. ഈ കാര്യത്തിൽ ഇനിയും കണ്ടെത്താൻ ബാക്കിയുള്ള കുടുംബങ്ങളിലെ പ്രശ്നങ്ങൾകൂടി കണ്ടെത്തി അതിനു വേണ്ട പദ്ധതികൾ പ്രത്യേകമായി തയ്യാറാകണം. അതിലൂടെ ശാസ്ത്രീയമായ കാഴ്ചപ്പാടുകൾക്ക് പ്രാമുഖ്യം നൽകണം. പ്രളയ കാലത്തും ഇപ്പോൾകോവിഡ് പ്രതിരോധത്തിലും നിർണായകമായ നിന്ന് വിപുലമായ പ്രവർത്തനങ്ങളാണ് തദ്ദേശസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടക്കുന്ന പ്രളയവും കോവിഡും വന്ന കേരളത്തിൽ ക്ഷേമ പ്രവർത്തനങ്ങൾ ധാരാളമായുണ്ടാകണം. ഓരോ ഗ്രാമവും അതിജീവനത്തിന് സ്വയം പര്യാപ്തം ആകണമെന്ന ജനങ്ങളുടെ ക്ഷേമവുംസന്തോഷവും അതിജീവന സമൂഹത്തിനുള്ള ആത്മവിശ്വാസമാണ് പ്രധാനം. ജനകീയാസൂത്രണത്തിൽ രജത ജൂബിലി വർഷത്തിൽ ഈ ദിശയിലുള്ള പ്രവർത്തനങ്ങക്കാകട്ടെ മുൻതൂക്കം.

നാം ജീവിക്കുന്നത് ഡിജിറ്റൽ യുഗത്തിലാണ് ഡിജിറ്റൽ സാക്ഷരത യിലൂടെപരമാവധി ആളുകളെ കാലഘട്ടത്തിനനുസരിച്ച് കാര്യങ്ങൾ മനസ്സിലാക്കാൻപ്രാപ്തരാക്കുക എന്നതും പ്രധാനമാണ് അടുത്ത പഞ്ചവത്സര പദ്ധതിയിലൂടെ സമഗ്രവുംശാസ്ത്രീയവുമായ പദ്ധതികളാണ് ഉണ്ടാകേണ്ടത്. നിലവിലെ വികസന രേഖകൾപഠനറിപ്പോർട്ടുകൾ എന്നിവയെല്ലാം പുതിയ കാര്യങ്ങൾ കൂട്ടിച്ചേർത്ത് സമഗ്രംആകണം പഞ്ചായത്തിൽ പദ്ധതികൾ കൾ നീർത്തടാധിഷ്ഠിത മായി മാറ്റിക്കൊണ്ടുള്ളപദ്ധതികളാണ് ഉണ്ടാകേണ്ടത് ജനകീയാസൂത്രണം കൂടുതൽ സമഗ്രവും ശാസ്ത്രീയവുമായആകുവാൻ തദ്ദേശസ്ഥാപനങ്ങൾക്ക് കഴിയണം ജനകീയ നേതൃത്വത്തിന് പുതിയ പാഠങ്ങൾക്കായി നമുക്ക് കാത്തിരിക്കാം. കർമ്മനിരതരാകാം...!

ജനകീയ ആസൂത്രണം ആരംഭിച്ച ഒമ്പതാം പഞ്ചവത്സര പദ്ധതി മുതൽ മുതൽ 13 പഞ്ചവത്സരപദ്ധതി വരെ5 വികസന രേഖകൾ പഞ്ചായത്ത് തയ്യാറാക്കിയിട്ടുണ്ട്. വികസന രേഖ തയ്യാറാക്കുന്നതിന് ജനപ്രതിനിധികൾ ഉദ്യോഗസ്ഥർ സന്നദ്ധ പ്രവർത്തകർ വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തൊഴിലാളി സംഘടന പ്രതിനിധികൾ ആസൂത്രണ സമിതി അംഗങ്ങൾ എന്നിവരുടെ സഹായസഹകരണങ്ങൾ ലഭ്യമായിട്ടുണ്ട്. ജനപങ്കാളിത്തവും കൂട്ടായ്മയും ആസൂത്രണ പക്രിയയെ മികച്ച നിലയിൽ എത്തിക്കുന്നതിന് സഹായിച്ചിട്ടുണ്ട്. ഓരോ പഞ്ചവത്സര പദ്ധതിയിലും തയ്യാറാക്കുന്ന വികസനരേഖയാണ് തൊട്ടടുത്ത പഞ്ചവത്സര പദ്ധതി മികവുറ്റതാക്കുന്നതിനും പോരായ്മകൾ പരിഹരിച്ച് അടുത്ത വർഷങ്ങളിലെ പദ്ധതി ആസൂത്രണം മെച്ചപ്പെടുത്തുന്നതിനും സഹായകമായിട്ടുള്ളത്. ഈ അഞ്ച് പഞ്ചവത്സരപദ്ധതി കളുടെയും വികസനരേഖ അടിസ്ഥാനമാക്കിയാണ് ജൂബിലി ആഘോഷവേളയിൽ അവതരിപ്പിക്കുന്ന ഈ രേഖ തയ്യാറാക്കിയിട്ടുള്ളത്. മേൽപ്പറഞ്ഞതുപോലെ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും സന്നദ്ധ പ്രവർത്തകരുടെയും രാഷ്ട്രീയ വർഗ്ഗ ബഹുജന സംഘടനകളുടെയും സഹായ സഹകരണങ്ങൾ രജതജൂബിലി രേഖ തയ്യാറാക്കുന്നതിന് ലഭിച്ചിട്ടുണ്ട്. അതോടൊപ്പം ഇതിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് വേണ്ടി ശ്രീ സി രാജീവൻ (പ്രസിഡണ്ട്) ശ്രീ.എം മോഹനൻ (മുൻ പഞ്ചായത്ത് പ്രസിഡണ്ട്, ആസൂത്രണസമിതി വൈസ് ചെയർമാൻ) ശ്രീ കെ പി നസീർ

(മുൻ പഞ്ചായത്ത് പ്രസിഡണ്ട് കില റിസോഴ്സ് പേഴ്സൺ) ശ്രീ ജയപ്രകാശ് പന്തക്ക (ആസൂത്രണ പ്രവർത്തകൻ, കില റിസോഴ്സ് പേഴ്സൺ), ശ്രീമതി. പി എൻ.മഞ്ജുഷ (പഞ്ചായത്ത് സെക്രട്ടറി) എന്നിവരടങ്ങിയ സമിതിക്ക് ചുമതല നൽകിയാണ് പ്രവർത്തനങ്ങൾ നടത്തിയത്. സർക്കാർ നിർദ്ദേശത്തിന്റെ ഭാഗമായി ജനകീയാസൂത്രണത്തിന്റെ രജതജൂബിലി ആഘോഷത്തോടനുബന്ധിച്ച് 9–ാം പഞ്ചവത്സര പദ്ധതി കാലയളവ് മുതൽ ജനകീയാസൂത്രണ പ്രവർത്തനങ്ങളിൽ പങ്കാളികളായവരെ ആദരിക്കുന്നതിന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ അതുമായി ബന്ധപ്പെട്ട് 2021 ആഗസ്റ്റ് 17 നും 2021 ഒക്ടോബർ 2 നും ആദരിക്കൽ ചടങ്ങ് നടത്തിയിട്ടുണ്ട്.

## 1996 കളിലെ സ്ഥിതിവിശകലനം

ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ ആരംഭ ഘട്ടത്തിൽ പഞ്ചായത്തിൻറെസ്ഥിതി പൊതുവേ എല്ലാ മേഖലകളിലും വികസനം എത്തിപെടേണ്ട അവസ്ഥയായിരുന്നു എന്നതുതന്നെയാണ്യാഥാർത്ഥ്യം. പിന്നോക്കാവസ്ഥയിലുള്ള ഉള്ള ഉൽപാദന സേവന പശ്ചാത്തല മേഖലയിയ്ക്ക് ഉണർവ് പകരാൻ ഞാൻ ജനകീയാസൂത്രണ പ്രസ്ഥാനത്തിന് സാധിച്ചിട്ടുണ്ട് എന്ന് കാണാവുന്നതാണ്.

കോട്ടയം ഗ്രാമപഞ്ചായത്ത് കാർഷിക പ്രാധാന്യമുള്ള പ്രദേശം ഉൾക്കൊള്ളുന്ന കണ്ണൂർ ജില്ലയിലെ ഒരു ഇടനാടൻ ഗ്രാമമാണ്. 8.43 ചതുരശ്ര കിലോമീറ്റർ ഭൂവിസ്തൃതിയുള്ള പ്രദേശം വടക്കുഭാഗം കോട്ടയം നീർ തടത്തിലും തെക്കു എരുവട്ടി പൂങ്കാവ് നീർത്തടങ്ങളിലായി നിലകൊള്ളുന്നു. ഇന്നത്തെ തലശ്ശേരി താലൂക്ക് രൂപപ്പെടുന്നതിന് മുമ്പ് പഴയ മലബാർ ഡിസ്ട്രിക്റ്റിലെ താലൂക്കുകളായ ചിറക്കൽ താലൂക്കിനോട് ചേർന്നുകിടക്കുന്ന കോട്ടയം താലൂക്കിൻറെ ആസ്ഥാനമായിരുന്നു കോട്ടയം അങ്ങാടി. ഒൻപത്, പത്ത്, പതിനൊന്ന് പഞ്ചവത്സര പദ്ധതി കാലഘട്ടങ്ങളിൽ കോട്ടയം ഗ്രാമപഞ്ചായത്ത് തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിൻറെ ഭാഗമായിരുന്നു. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മുതൽ കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്തിൻറെ ഭാഗമായി മാറിയിട്ടുണ്ട്.

ഒമ്പതാം പഞ്ചവത്സര കാലയളവിൽ ആകെ പഞ്ചായത്തിന് ഒരുകോടി 19 ലക്ഷത്തി അറുപതിനായിരം രൂപയാണ് ലഭിച്ചിരുന്നത്. അതിൽ ഉൽപാദന സേവന പശ്ചാത്തല മേഖലകളുടെ വികസനപ്രവർത്തനങ്ങൾക്ക് അന്നത്തെ സാഹചര്യത്തിലും 86.5 ശതമാനം തുകയും ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ട്.

## കൃഷിയും ജലസേചനവും

കാർഷിക മേഖലയെ ആശ്രയിച്ചു ജീവിക്കുന്നവരാണ് പഞ്ചായത്തിലെ ബഹുഭൂരിപക്ഷം കുടുംബങ്ങളും. അതുകൊണ്ടുതന്നെ കാർഷികവിളയുടെ ഉത്പാദനം വർധിക്കുന്നത് അനിവാര്യമായിരുന്നു. ഒൻപതാം പദ്ധതി കാലത്ത് ഈ മേഖലയിൽ നിരവധി ആയ പ്രശ്നങ്ങൾ നിലനിന്നിരുന്നു. തെങ്ങിന് ശരാശരി ഉത്പാദനം കുറവ്, നെൽകൃഷി തൊഴിലാളികളെ കിട്ടാത്ത അവസ്ഥ, അത്യുൽപാദനശേഷിയുള്ള വിളകളുടെ അഭാവം, ശാസ്ത്രീയ അടിസ്ഥാനത്തിലുള്ള

വളപ്രയോഗമില്ല, മണ്ണുപരിശോധന കാര്യക്ഷമമല്ല, ഉയർന്ന പ്രദേശങ്ങളിൽ ജലക്ഷാമം രൂക്ഷം, മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളുടെ കുറവ്, കുളങ്ങൾ സംരക്ഷിക്കപ്പെടുന്നില്ല, ശാസ്ത്രീയ കൃഷി രീതിയിലുള്ള അജ്ഞത, ഉൽപന്നങ്ങളിൽ സുസ്ഥിരമായ വിപണി ഉണ്ടായിരുന്നില്ല, ഉപകരണങ്ങളുടെ അഭാവം, കീടങ്ങളുടെ അക്രമങ്ങൾ തടയുന്നതിനായി ശാസ്ത്രീയ രീതി അവലംബിച്ചിരുന്നില്ല എന്നീ പ്രശ്നങ്ങൾ മേഖലയിൽ നിലനിന്നിരുന്നു. ഇത് പരിഹരിക്കാൻ വേണ്ട നടപടികളാണ് ഒമ്പതാം പരിസര കാലത്ത് തുടക്കമിട്ടത്.

കൃഷിക്ക് മുഖ്യ ഊന്നൽ നൽകുന്ന പദ്ധതികളാണ് ഒമ്പതാം പഞ്ചവത്സര പദ്ധതി കാലത്ത് പഞ്ചായത്ത് നടപ്പിലാക്കിയിരുന്നത്. തെങ്ങ് കൃഷിയുടെ വികസനമാണ് ഇതിൽ പ്രധാനമായും പഞ്ചായത്ത് ഏറ്റെടുത്തത്. അതിൻറെ ഫലമായി നാളികേര ഉൽപാദനവും ഉൽപ്പാദന ക്ഷമതയും വർദ്ധിപ്പിച്ചിട്ടുണ്ട്. ജലസേചന സൗകര്യം വർധിപ്പിക്കുന്നതിന് വ്യാപകമായി വാട്ടർ ടാപ്പുകൾ സ്ഥാപിക്കുകയും കിണറുകൾ നിർമ്മിക്കുന്നതിനും ഈ കാല ഘട്ടത്തിൽ പദ്ധതികകൾ ഉണ്ടായിട്ടുണ്ട്. സമഗ്ര തെങ്ങ് കൃഷി വികസനവും. ഇടവിള കൃഷിയും പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതികൾക്ക് രൂപം നൽകിയിരുന്നു. നെൽ കൃഷി വികസനത്തിന് അന്നത്തെ സാഹചര്യത്തിലെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനാവശ്യമായ പദ്ധതികൾക്ക് രൂപം നൽകുകയും നെല്ലിൻറെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും സഹായകമായിട്ടുണ്ട്. സമഗ്ര പച്ചക്കറി വികസനം ലക്ഷ്യമിട്ടിട്ടുള്ള പദ്ധതികൾക്ക് രൂപം നൽകി. തോട് സംരക്ഷണം, കുളം നവീകരണപ്രവർത്തനങ്ങൾ ഏറ്റെടുത്തു. കോട്ടയം ചിറ സംരക്ഷിക്കുന്നതിനും നടപടികൾ സ്വീകരിച്ചു.

**മൃഗസംരക്ഷണം ക്ഷീരവികസനം**

കാർഷിക മേഖലയോട് അടുത്ത് ബന്ധമുള്ളതാണ് മൃഗസംരക്ഷണവും ക്ഷീരവികസനവും. ഇത് വളർത്തുമൃഗങ്ങളിൽ നിന്ന് വരുമാനം ജീവിതച്ചെലവുകൾ കണ്ടെത്തുന്നതിനു വേണ്ടി സഹായിച്ചിരുന്നു. ശാസ്ത്രീയമായി മൃഗപരിപാലനം മുറകളിൽ കർഷകർ ശ്രദ്ധിച്ചിരുന്നില്ല. മൃഗാശുപത്രി ഇല്ലാത്തത് വലിയൊരു പ്രശ്നം ആയിരുന്നു. അംഗീകൃത അറവുശാലകൾ ഇല്ലാത്തതും നിലവിൽ ഒരു പ്രശ്നമാണ്. കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കുന്നതിന് പ്രയാസമായിരുന്നു. ലനം കുറവ് വൈദ്യുതി രംഗത്തെ പരിമിതികൾ എന്നിവ അഭിമുഖീകരിച്ചിരുന്നു. ഇതിനൊക്കെ പരിഹാരമാവുന്ന തരത്തിലാണ് ഒമ്പതാം പഞ്ചവത്സരപദ്ധതിയെ കണ്ടിരുന്നത്.

നിർധരരായ കുടുംബങ്ങകൾക്ക് വരുമാനവും തൊഴിൽ സൃഷ്ടിക്കുന്നതിനും സഹായകമായ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. പാൽ ഉത്പാദനത്തിൽ ദിനം പ്രതി 325 ലിറ്ററിൻറെ വർദ്ധനവ് പഞ്ചായത്തിൻറെ ക്ഷീര സംഘങ്ങളിൽ ഉണ്ടായിട്ടുണ്ട്. പ്രാദേശിക സാമ്പത്തിക വികസനം പഞ്ചായത്തിൽ പരമ്പരാഗത വ്യവസായങ്ങൾ മാത്രമാണ് നിലനിന്നിരുന്നത്. കൈത്തറി, ബീഡി, കള്ള് ചെത്ത് എന്നിവയും വ്യവസായങ്ങളായ പപ്പട നിർമ്മാണം, അച്ചാർ യൂണിറ്റ്, തീപ്പെട്ടി എന്നിവയും ആയിരുന്നു. വ്യവസായ മേഖല പല പ്രതിസന്ധികളും നേരിട്ടിരുന്നു തൊഴിലാളികളുടെ ദൗർലഭ്യം, അസംസ്കൃത

വസ്തുക്കളുടെ വില വർദ്ധനവ്, വ്യവസായ സംരംഭകർക്ക് ആവശ്യമായ പരിശീലനം ലഭിക്കാതിരുന്നത് മുതലായവ ഇതിൽ പ്രധാനം.

പരമ്പരാഗത വ്യവസായമായ കൈത്തറി വ്യവസായത്തിൻറെഒരു പ്രധാനപ്പെട്ട തൊഴിൽ കേന്ദ്രമാണ് കോട്ടയം പഞ്ചായത്തിലെ പുറക്കളം മേഖല. കൂത്തുപറമ്പ് വീവേർസ് കോ ഓപ്പറേറ്റീവ് സൊസൈറ്റി എന്ന പേരിൽ സഹകരണമേഖലയിൽ കോട്ടയം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഒരു പ്രധാനപ്പെട്ട തൊഴിൽ സ്ഥാപനമാണിത്. ദരിദ്രരായ കൈത്തറി തൊഴിലാളികൾക്ക് മഗ്ഗവും, നെയ്ത്ത് ചക്രവും, പവർ ലൂം സംരംഭങ്ങൾ സ്ഥാപിക്കുന്നതിനുള്ള സഹായവും പരിശീലനവും ഒമ്പതാം പഞ്ചവത്സര പദ്ധതി കാലത്ത് നടപ്പിലാക്കിയിട്ടുണ്ട്. ഇതിൻറെ ഭാഗമായി നിരവധി പേർക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് സഹായകമായിട്ടുണ്ട്.

ദാരിദ്ര നിർമ്മാർജ്ജനവും സാമൂഹിക സുരക്ഷിതവും

ദുർബലവിഭാഗങ്ങളുടെ പാർപ്പിട പ്രശ്നമാണ് അന്നത്തെ ഏറ്റവും പ്രധാന പ്രശ്നങ്ങളിലൊന്ന്. ഇത് പരിഹരിക്കുന്നതിൽ അതിൽ 71 വീടുകൾ നിർമ്മിക്കുന്നതിനുള്ള ധനസഹായം ഗ്രാമപഞ്ചായത്ത് മാത്രം അനുവദിച്ചിട്ടുണ്ട്. മേൽക്കൂര ഓല മാറ്റി ബലപ്പെടുത്തുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചതിൻറെഫലമായി വാസയോഗ്യമായ വീടുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

മിക്ക വീടുകളിലും വൈദ്യുതി കണക്ഷൻ ഈ കാലഘട്ടത്തിൽ ഉണ്ടായിരുന്നില്ല. അതിൽ ദുർബലമായ അവരുടെ വീടുകൾ വൈദ്യുതീകരിക്കുന്നതിന് ആവശ്യമായ പദ്ധതികൾ നടപ്പിലാക്കുകയും ഇതുവഴി നിരവധി വീടുകളിൽ വെളിച്ചം എത്തിക്കാൻ പഞ്ചായത്തിന് സാധിച്ചു.

പട്ടികജാതി വികസനം പട്ടികജാതി വിഭാഗങ്ങൾ സാമീഹികമായി പിന്നോക്കം നിന്നിരുന്നു. ഈ കാലഘട്ടത്തിൽ പട്ടികജാതി ക്ഷേമപ്രവർത്തനങ്ങൾ നിരവധി നടപ്പിലാക്കാൻ പഞ്ചായത്ത് മുൻകൈയെടുത്തു. ഗുണഭോക്താക്കളെ ലഭ്യമാവാൻ പ്രയാസം നേരിടുന്ന സാഹചര്യമുണ്ടായിട്ടും കൂടി വീട് മെച്ചപ്പെടുത്തുന്നതിനും കിണർ ആഴം കൂട്ടുന്നതിനും വീട് വയ്ക്കുന്നതിനുള്ള സ്ഥലവും കുളിമുറി നിർമ്മാണത്തിനും ഭവന നിർമ്മാണത്തിനും പദ്ധതി ആവിഷ്കരിച്ചു.പട്ടിക ജാതിക്കാരായവർക്ക് വിവിധ തൊഴിൽ പരിശീലനത്തോടൊപ്പം കമ്പ്യൂട്ടർ പരിശീലനവും നൽകിയിരുന്നു തെയ്യം കലാകാരന്മാർക്ക് ആടയാഭരണങ്ങൾ നൽകുന്നതിനുള്ള സഹായകവും നൽകിയത് എടുത്തുപറയാവുന്നതാണ്.

വനിത ശിശു വികസനം നിരവധിയായ പ്രശ്നങ്ങൾ ഈ മേഖലയിൽ നില നിന്നിരുന്നു. വനിതകൾക്ക് സ്വന്തമായി തൊഴിലോ വരുമാനമോ ഉണ്ടായിരുന്നില്ല. ശിശു ക്ഷേമത്തിന് എല്ലാ വാർഡുകളിലും അംഗനവാടികൾ ഉണ്ടായിരുന്നില്ല.ഒമ്പതാം പഞ്ചവത്സര പദ്ധതി കാലത്ത് അനുവദിക്കുന്ന ഫണ്ടിൽ (ജനറൽ)തുകയിൽ 10 ശതമാനം തുക വനിത വികസനത്തിന് നിർബന്ധമായും നീക്കിവെക്കുന്നത് വ്യവസ്ഥ ചെയ്തിരുന്നു. അതുപ്രകാരം ഉൽപാദന സേവന മേഖലകളിൽ നേരിട്ട് പ്രയോജനം ലഭിക്കുന്ന ഇന്ന് നിരവധി പദ്ധതികൾ നടപ്പിലാക്കിയതിൻറെ ഭാഗമായി സ്ത്രീശാക്തീകരണം പഞ്ചായത്തിൽ സാധ്യമായിട്ടുണ്ട്. ശിശുവികസനത്തിന്

അംഗനവാടികളുടെ പ്രവർത്തനവും പോഷകാഹാര പദ്ധതികളും നടപ്പിലാക്കിയതിൻറെ ഭാഗമായി ശിശുക്ഷേമം നല്ല നിലയിൽ നടപ്പിലാക്കാൻ സാധ്യമായിട്ടുണ്ട്. 15 അംഗൻവാടികൾ പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്നതിൽ സ്വന്തമായി കെട്ടിടം മിക്കതിനും ഇല്ലായിരുന്നു. കൂവപ്പാടിയിലെ ശിശുമന്ദിരം സ്വന്തമായി നിർമ്മിച്ച കെട്ടിടത്തിലാണ് പ്രവർത്തിച്ചിരുന്നത്. അംഗൻവാടികളിൽ ശിശുമന്ദിരത്തിലേയും കുട്ടികൾക്ക് കലാകായിക പ്രോത്സാഹന പരിപാടികൾ സംഘടിപ്പിക്കുകയും കുട്ടികളുടെ മാനസികവും ശാരീരികവുമായ വളർച്ചയ്ക്ക് ഊന്നൽ നൽകുകയും ചെയ്തിട്ടുണ്ട്.

## ആരോഗ്യം ശുചിത്വം കുടിവെള്ളം

ഏറ്റവും കൂടുതൽ പ്രതിസന്ധികളും പ്രശ്നങ്ങളും അഭിമുഖീകരിച്ചിരുന്ന മേഖലയാണിത്. സ്വന്തമായി കക്കൂസ് സൗകര്യം ഇല്ലാത്ത കുടിവെള്ള സൗകര്യമില്ലാത്ത വലിയൊരു ശതമാനം കുടുംബങ്ങൾ പഞ്ചായത്തിനകത്ത് ഉണ്ടായിരുന്നു. ഈ വെല്ലുവിളി തരണം ചെയ്യുന്നതിന് നിരവധിയായ പദ്ധതികൾക്ക് രൂപം നൽകുകയും വലിയൊരു മാറ്റം ഉണ്ടാക്കുകയും ചെയ്തു.കക്കൂസ് ഇല്ലാത്ത മുഴുവൻ വീടുകളിലുംകക്കൂസ് നിർമ്മിക്കുന്നതിന് ധനസഹായവും വ്യക്തികൾക്ക് കിണർ നിർമ്മിക്കുന്നതിനും കിണറുകൾ ഉപയോഗയോഗ്യമാക്കുന്നതിനുമുള്ള പദ്ധതികളും നടപ്പിലാക്കി. കല്ലറക്കൽ മൗവ്വേരി കുടിവെള്ള പദ്ധതിക്ക് രൂപം നല്കികൊണ്ട് വലിയൊരുകുടിവെള്ള പ്രശ്ന പരിഹാര നടപടികൾ ആരംഭിച്ചു.89 കുടുംബങ്ങൾക്ക് കുടിവെള്ള ലഭ്യത ഉറപ്പാക്കാൻ സാധിച്ചു.

പിഎച്ച്സികളുടെയും ആയുർവേദ ആശുപത്രികളുടെയും അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമിട്ടുകൊണ്ട് വ്യത്യസ്ത പ്രോജക്റ്റുകൾ നടപ്പിലാക്കിയിട്ടുണ്ട്. ആരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് നൽകി കൊണ്ട് നിർധനരായ രോഗികൾക്ക് ആശ്വാസം പകർന്നു.

## വിദ്യാഭ്യാസം

പഞ്ചായത്തിലെ 14 വാർഡുകളിലും ഭൗതിക സാഹചര്യങ്ങൾ വേണ്ടത്രയില്ലായിരുന്നു. വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് സ്കൂൾ കോംപ്ലക്സ് പദ്ധതിയുടെ ഭാഗമായി നിരവധി പ്രോജക്ടുകൾക്ക് രൂപം നൽകിയിരുന്നു. പഞ്ചായത്തിനകത്ത് ഒരു ഹൈസ്കൂളും13 പ്രൈമറി സ്കൂളുകളും ഉൾപ്പെടെ 14 സ്കൂളുകളിൽ അടിസ്ഥാന സൗകര്യം വളരെ ശോചനീയമായിരുന്നത് പരിഹരിക്കുന്നതിനുള്ള ശ്രമം പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. കലാകായിക പരിശീലനം നടത്തുന്നതിനും കലാകായിക പ്രതിഭകൾക്കളെ പ്രോത്സാഹിപ്പിക്കുന്നതിനും ആവശ്യമായ പദ്ധതിക്ക് രൂപം നൽകി. പഞ്ചായത്ത് അധീനതയിൽ കളിസ്ഥലം നിർമ്മിച്ചത് വലിയൊരു നേട്ടമായി ഈരംഗത്ത് കാണാവുന്നതാണ്. പുളബസാറിലും മൗവ്വേരിയിലും സ്റ്റേഡിയം ഈ കാലയളവിൽ നിർമ്മിക്കുകയുണ്ടായി. ജനങ്ങളുടെ സഹകരണത്തോടെ ഇതു സാധിച്ചത് എന്നത് എടുത്തു പറയേണ്ടതാണ്. സാംസ്കാരികരംഗത്ത് ലൈബ്രറികളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സാധിച്ചിട്ടുണ്ട്.സഹവാസ ക്യാമ്പുകളിൽ വിദ്യാർത്ഥികൾക്ക്

പഠന ഉണർവ് വരുത്താൻ സാധിച്ചിട്ടുണ്ട്.

## അടിസ്ഥാനസൗകര്യം

റോഡുകളുടെ പൊതു സ്ഥിതി വളരെ മോശമായിരുന്നു. അശാസ്ത്രീയമായ റോഡു വികസനം പ്രധാന പ്രശ്മായിരുന്നു. ഗതാഗത മേഖലയിൽ പഞ്ചായത്തിനകത്ത് 72 ചെറുതും വലുതുമായ ആയ റോഡുകൾ ഉള്ളതിൽ ഭൂരിഭാഗം റോഡുകളും ടാർ ചെയ്യാത്ത അതുകൊണ്ടുതന്നെ യാത്രാസൗകര്യം സുഗമമായിരുന്നില്ല. പ്രശ്നപരിഹാരത്തിന് ഒമ്പതാം പഞ്ചവത്സര പദ്ധതി കാലത്ത് റോഡുകൾ ടാർ ചെയ്യുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചു. നടപ്പാതകളും പാലങ്ങളും ഉപയോഗയോഗ്യമാക്കുന്നതിനും പദ്ധതികൾ വിഭാവനം ചെയ്തു. ഗുണഭോക്തൃ കമ്മിറ്റികൾ മുഖേന ആയിരുന്നു മിക്ക പ്രവർത്തികളും നടപ്പിലാക്കിയിരുന്നത്. ഇത് ഒമ്പതാം പഞ്ചവത്സര പദ്ധതിയിൽ എടുത്തുപറയേണ്ടതാണ്. കൂടാതെ പഞ്ചായത്തിന് കൈമാറിക്കിട്ടിയ കൃഷിഭവൻ മൃഗാശുപത്രി ആയുർവേദ ആശുപത്രി പിഎച്ച്സി സബ് സെൻററുകൾ എന്നിവയ്ക്ക് സ്വന്തമായി കെട്ടിടം ഉണ്ടായതും പഞ്ചായത്ത് ഓഫീസ് ഗവൺമെൻറ് ഹൈസ്കൂൾ എന്നിവയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും ഈ ഘട്ടത്തിൽ സാധിച്ചിട്ടുണ്ട്.

### ഊർജ്ജം

വാർഡുകളിലെ പല പ്രദേശങ്ങളിലും വൈദ്യുതി എത്തിയിരുന്നില്ല. ഗാർഹിക ആവശ്യത്തിനാണ് പഞ്ചായത്തിൽ കൂടുതൽ ഊർജ്ജം ഉപയോഗിച്ചിരുന്നത്. വ്യവസായ ആവശ്യത്തിനും കാർഷികാവശ്യത്തിനും 25% അധികം ഉപയോഗിച്ചിരുന്നു. തെരുവുവിളക്കുകൾ മിക്ക റോഡുകളിലും ഇല്ലാതിരുന്ന അവസ്ഥ. ഇവ പരിഹരിക്കുന്നതിന് പദ്ധതികൾക്ക് രൂപം നൽകി. ജനകീയ തെരുവ് വിളക്കുകൾ സ്ഥാപിച്ചു കൊണ്ട് പ്രശ്നം പരിഹാരക്കുന്നതിന് ഒരുപരിധിവരെ ശ്രമം നടത്തിയിരുന്നു.

പഞ്ചായത്ത് കഴിഞ്ഞ 25 വർഷങ്ങളിൽ ഉൽപാദന സേവന പശ്ചാത്തല മേഖലകളിൽ കൈവരിച്ച മാറ്റങ്ങൾ വളരെ വലുതാണ് ഒമ്പതാം പഞ്ചവത്സര പദ്ധതിക്കാലത്ത് പഞ്ചായത്തിൽ ഒരു കോടിയിൽപരം രൂപയാണ് ലഭിച്ചിരുന്നത് എങ്കിൽ പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ 10 കോടിയിലധികം രൂപയാണ് പഞ്ചായത്തിന് ലഭിച്ചത് ആസൂത്രണ പ്രക്രിയയുടെ വലിയൊരു നേട്ടമായി കാണുന്നു. നിരവധിയായ പ്രോജക്റ്റുകൾക്ക് രൂപം നൽകുകയും നടപ്പിലാക്കുന്നതിന് ജനങ്ങൾക്ക് സാമൂഹ്യപരമായും സാമ്പത്തികപരമായും തൊഴിൽപരമായും ഉള്ള ഉന്നമനത്തിന് കാരണമായിട്ടുണ്ട്. സ്ത്രീ ശാസ്ത്രീകരണ രംഗത്ത് പഞ്ചായത്ത് മുൻപന്തിയിൽ എത്തിയതായി കാണാം. വനിത വികസന മേഖലയിലയിലെ പദ്ധതികൾ അതിനു കാരണം ആയിട്ടുണ്ട്. അതുപോലെ പാർശ്വവൽക്കരിക്കപ്പെടുന്ന വിഭാഗങ്ങളെ മുഖ്യധാരയിലെത്തിക്കാൻ ഉള്ള പ്രവർത്തനങ്ങൾ പഞ്ചായത്ത് മുൻകൈയെടുത്ത് നടത്തിയിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വികസനത്തിന് ശിശു വൃദ്ധ ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നതിനും പ്രത്യേകം ശ്രദ്ധ കഴിഞ്ഞ 25 വർഷങ്ങൾ കൊണ്ട് പഞ്ചായത്ത് കൈവരിച്ച നേട്ടങ്ങൾ വ്യത്യസ്ത മേഖലയിലൂടെ ഉള്ളത്

ചേർക്കുന്നു.

## ഉൽപ്പാദന മേഖല

കൃഷിയും മൃഗസംരക്ഷണവും പഞ്ചായത്തിന്റെ ആകെ ഭൂവിസ്തൃതി 833.7ഹെക്ടറാണ്. തെങ്ങ്, നെല്ല്, കശുമാവ്, കവുങ്ങ്, കുരുമുളക് എന്നിവയാണ് പ്രധാന കൃഷി. ഇതിൽ കൃഷിക്ക് അനുയോജ്യമായത് 702.5 ഹെക്ടറും കൃഷിചെയ്യുന്ന വിസ്തൃതി 686 ഹെക്ടറുമാണ്. ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ തുടക്കത്തിൽ നെൽകൃഷി ചെയ്തിരുന്നെങ്കിലും പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ എത്തുമ്പോൾ കൃഷിചെയ്യുന്ന വിസ്തീർണ്ണം ഗണ്യമായി കുറഞ്ഞിട്ടുണ്ട് എന്ന് കാണാം. എന്നാൽ തെങ്ങ് കൃഷി 635 ഹെക്ടറിൽ നിന്നും 686 ഹെക്ടറിലേക്ക് എത്തിയിട്ടുണ്ട്, ഉല്പാദനക്ഷമത 35 ശതമാനത്തിൽ നിന്നും 50 ലേക്ക് വർദ്ധിച്ചിട്ടുണ്ട്.

## ജലസേചനം

പ്രധാനമായും മഴയെ ആശ്രയിച്ചാണ് നാം കൃഷി ചെയ്തുവരുന്നത്. പ്രധാനപ്പെട്ട ജലസ്രോതസ്സ് അത് എരുവട്ടി തോടും അതിൻ പോഷക തോടും ആയിരുന്നു. ആദ്യ കാലത്ത് സമൃദ്ധമായി വെള്ളം നിന്നിരുന്ന പല തോടുകളും ഇന്ന് നികന്ന് പോയിരിക്കുകയാണ്. ജല സംഭരണ പ്രവർത്തനത്തിന് അഭാവം ഒമ്പതാം പഞ്ചവത്സര പദ്ധതി കാലത്ത് അഭിമുഖീകരിച്ചിരുന്നു. പൊതു കുളങ്ങൾ ഇല്ലാത്തത് വലിയ പ്രതിസന്ധി ആയിരുന്നു. അന്ന് മുപ്പത്തിയഞ്ചോളം കുളങ്ങൾ സ്വകാര്യവ്യക്തികളുടെ കൈവശമുണ്ടായിരുന്നത് ഇന്ന് 37 കുളങ്ങൾ ഉള്ളതായി രേഖകൾ പരിശോധിച്ചാൽ കാണാവുന്നതാണ്. 4.3 ഹെക്ടർ വിസ്തൃതിയുള്ള കോട്ടയംചിറ വലിയൊരു അനുഗ്രഹമായിരുന്നു. ചിറ നവീകരണം നടത്തിയതിൻറെ ഭാഗമയി പ്രധാനപ്പെട്ട ജലാശയമാക്കി മാറ്റാൻ സാധിച്ചിട്ടുണ്ട്. പഴശ്ശി കനാൽ പഞ്ചായത്തിനകത്തുകൂടി ആണെങ്കിലും ജലലഭ്യത കുറവാണ്.

## മൃഗസംരക്ഷണം

മൃഗസംരക്ഷണമേഖലയിൽ നിലനിന്നിരുന്ന പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതിന് 5 പഞ്ചവത്സര പദ്ധതികാലത്ത് കൈവന്നിട്ടുണ്ട്. വളർത്തുമൃഗങ്ങൾ വരുമാനമുണ്ടാക്കാനും തൊഴിൽ കണ്ടെത്താനും കർഷകർ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. പശുക്കളെ വളർത്തുന്നതിലൂടെ പാലുല്പാദനം നല്ല വരുമാനമാർഗ്ഗം ആയിരുന്നു.ആട് കോഴി പന്നി എന്നിവ വളർത്തുകയും ഇവ തൊഴിൽ സംരംഭം ആക്കിമാറ്റുന്നതിനും കഴിഞ്ഞിട്ടുണ്ട് . ഒമ്പതാം പഞ്ചവത്സരപദ്ധതി തുടക്കത്തിൽ മൃഗാശുപത്രിക്ക് സ്വന്തമായി കെട്ടിടം ഇല്ലാതിരുന്നത് പിന്നീട് പരിഹാരംകാണുന്നതിനും സാധിച്ചിട്ടുണ്ട്. കാലിത്തൊഴുത്തുൾക്ക് സബ്സിഡി നൽകുന്ന പദ്ധതി ആവിഷ്കരിച്ചത് പ്രയോജനപ്പെട്ടു. ക്ഷീരവികസന രംഗത്ത് വലിയൊരു കുതിച്ചുചാട്ടം തന്നെ പഞ്ചവത്സര പദ്ധതി പ്രയോജനപ്പെട്ടിട്ടുണ്ട്. രണ്ടു പാൽ സൊസൈറ്റികളിലൂടെപാൽ വിതരണം നല്ല നിലയിൽ നടത്താൻ സാധിക്കുന്നു. പഞ്ചായത്തിനകത്തുള്ള കുളങ്ങളും തോടുകളും സംരക്ഷിക്കപ്പെടുകയും പുതിയവ നിർമ്മിക്കുന്നതിനും ഈ കാലയളവിൽ

സാധിച്ചിട്ടുണ്ട്.2 നീന്തൽ കുളങ്ങൾ പഞ്ചായത്തിൻറെഅധീനതയിൽ സ്ഥാപിച്ചിട്ടുണ്ട്. സ്വകാര്യ കുളങ്ങളാണ് കൂടുതലും പഞ്ചായത്തിനകത്തുള്ളത്. ജലാശയങ്ങൾ സംരക്ഷിക്കപ്പെടുക എന്ന ലക്ഷ്യം നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ജലലഭ്യതയുടെ അളവ് വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പരിസ്ഥിതിക്ക് നാശം വിതക്കുന്ന പ്രവർത്തനങ്ങൾ തടയാനും പരിസ്ഥിതി സംരക്ഷിക്കുന്നതിന് പാതയോരങ്ങളിൽ വൃക്ഷത്തൈ നട്ടുകൊണ്ട് അവ സംരക്ഷിക്കുന്ന പദ്ധതികളും നടപ്പിലാക്കി.

## തൊഴിൽ സംരംഭങ്ങൾ

പൊതുമേഖലയിലോ സ്വകാര്യ മേഖലയിലോ ആധുനിക വൻകിട വ്യവസായ സ്ഥാപനങ്ങൾ പഞ്ചായത്തിനകത്തില്ല. എന്നാൽ 5 പഞ്ചവത്സര പദ്ധതികളിലൂടെ ചെറുകിട വ്യവസായ സംരംഭങ്ങൾ വർദ്ധിപ്പിക്കുന്നതിനും പരമ്പരാഗത വ്യവസായങ്ങളായ കൈത്തറി,ബീഡി തെറുപ്പ്, ബേക്കറി സംരംഭങ്ങൾ മെച്ചപ്പെടുത്തുന്നത് സാധിച്ചിട്ടുണ്ട്. ഓയിൽ മില്ലുകൾ, പൊടിക്കാനുള്ള മില്ലുകൾ, ഗാർമെൻറ്സ്മേക്കിങ് യൂണിറ്റുകൾ പ്രവർത്തനം നടത്തുന്നത് തൊഴിൽ സാധ്യത വർധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്.

## സേവനമേഖല

ആരോഗ്യരംഗത്ത് മികച്ച പ്രവർത്തനം കാഴ്ചവയ്ക്കാൻ 5 പഞ്ചവത്സര പദ്ധതികളിലൂടെ സാധിച്ചിട്ടുണ്ട്. പഞ്ചായത്തിൽ 80 ശതമാനം വരുന്ന ഗ്രാമീണ ജനതയ്ക്ക് ആരോഗ്യം രക്ഷാപ്രവർത്തനങ്ങൾ പ്രയോജനകരമാകുന്നതിനുവേണ്ടി ആരോഗ്യകേന്ദ്രങ്ങൾ അനിവാര്യമാണ്. പഞ്ചായത്തിൽ ആറാംമൈൽ സ്ഥാപിച്ച കുടുംബക്ഷേമ കേന്ദ്രം ആയിരുന്നു പഞ്ചായത്തിലെ ആദ്യത്തെ ആരോഗ്യ കേന്ദ്രം. അത് പ്രൈമറി ഹെൽത്ത് സെൻറർ ആവുകയും സ്വന്തം കെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കുകയും പിന്നീട് ഫാമിലി ഹെൽത്ത് സെൻറർ ആയി ഉയരുകയും ധാരാളം രോഗികൾക്ക് പരിശോധന നടത്താൻ സാധിക്കുന്ന തലത്തിലേക്ക് ഉയരുകയും ചെയ്തിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ രൂക്ഷമായ ഈ സാഹചര്യത്തിൽ എഫ് എച്ച് സി യിലൂടെയുള്ള സേവനം വളരെയേറെ പ്രയോജനകരം ആയിട്ടുണ്ട്. അതോടൊപ്പം സൗജന്യമായി മരുന്നും മറ്റു സൗകര്യങ്ങളും നിർധനരായ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് പഞ്ചായത്തിന് സാധിക്കുന്നു. അലോപ്പതി ചികിത്സയ്ക്ക് പുറമേ ആയുർവേദം ഹോമിയോ യുനാനി എന്നീ ചികിത്സയ്ക്കും ആവശ്യമായ ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നത് ആരോഗ്യരംഗത്ത് സമഗ്രമായ മികവ് ഉണ്ടാക്കിയിട്ടുണ്ട്. ശുചിത്വരംഗത്ത് പകർച്ച വ്യാധികൾക്കെതിരെയുള്ള ഊർജിതമായ കർമപരിപാടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടുണ്ട് . കൊതുക് ജലജന്യ രോഗങ്ങൾ എന്നിവയുടെ നിയന്ത്രണത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നു. 9ാം പഞ്ചവത്സര പദ്ധതിക്കാലത്ത് സാമൂഹ്യപരമായ ഏറ്റവും വലിയ പ്രശ്നം ബഹുഭൂരിപക്ഷം കുടുംബങ്ങളിലും കക്കൂസ് ഇല്ലാതിരുന്നതാണ്. ഇത് ആദ്യമായി പരിഹരിക്കപ്പെടണം എന്ന ഉദ്ദേശത്തോടെ എല്ലാ വീടുകളിലും കക്കൂസ് നിർമ്മിക്കപ്പെടണംഎന്നതായിരുന്നു ലക്ഷ്യം. സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരം.